Scott. II—48—21,640-19-1-17.

# Home (1919) Department.

(Miscellaneous)

Ordinary SERIES.

**G.O. No.** 1229

**DATED** 21-8-1919

INDEXED (19)

[Despatch Abstract.]

Editors' Table Privileges.

Authorising the Superintendent, Government Press to supply the editor of "Margadarsi" with copies of papers placed on the Editors' Table.

1

PAPERS PUT UP WITH CURRENT No. ..................

Papers of the department to which the current belongs.

| Number. | Date. | Original (= O.) or spare copy (= S.C.). | Remarks. (In this column such of the papers as have been removed for copying, printing, etc., should be marked with a cross.) | Initials of Referencer with date in token of return to Reference department |
|---|---|---|---|---|
| | | | | |

Papers of other departments.

| Department. | Number | Date. | Original (= O.) or spare copy (= S.C.) | Initials with date of (1) Referencer acknowledging returns of the paper concerned or (2) Despatcher to denote the return of the papers to the department concerned. |
|---|---|---|---|---|
| | | | | |

Home

2 C No. 4460 18th

"MARGADARSI"

THE ONLY ANGLO-MALAYALAM WEEKLY IN MALABAR.

"MARGADARSI,"

In love and service lies profoundest Joy.

AN Anglo-Malayalam weekly conducted on up to date lines by a staff of well known writers. Its message is one of radical reform in every department of national life. It preaches liberalism in all political, social and religious questions. It endeavours specially to draw public attention to constructive work of national reform such as economic improvement, progress of co-operation, spread of primary education, emancipation of women, elevation of depressed classes, improvement of sanitation etc. Briefly, it stands for Freedom, Justice and Brotherhood.

Calicut, 15th May 1919.

9-5-7

RECR. CHIEF SECT. 17 MAY 1919 MADRAS. GOVT.

To

The Chief Secretary to the Government of Madras,
Madras

MADRAS HOME DEPT. 19 MAY 1919 GOVT.

Sir,

"The Margadarsi" is a registered Anglo-malayalam weekly published at Calicut. It has been exempted by the District Magistrate from the payment of Security under the Indian Press Act. I may add that this paper is a loyal supporter of the British Connection.

I request that you will be so kind as to order the Superintendent Government Press, to send to us all papers placed on Editors Table that are generally sent to other newspapers.

I have the honour to be
Sir,
your most obedient servant
[signature]
Editor.

C.F. 19—326,770—22-4-15.

3



(Cl 4460)

Home dept (Mis)

End 4460-19 21.5.19

Referred to the D. M of Malabar for report. He is requested to furnish information as to the circulation & tone of the paper and as regards the status and antecedents of the Editor.

[initials]

20.5.19

[initials] 20.5.19

To

The D. M. of Malabar

~~[illegible]~~ End with original of Ct to be returned with reply—

[initials] 21.5.19

[initials] 21/5

U.S. 4 Home (Mis) Dept.

Subs for perusal.

2. A second reminder may issue on 1st August.

SMD 17.7.19

1-17. C.F. 38.

COLLECTOR'S OFFICE 7 JUL 19 MALABAR

Home Department.

Miscellaneous Branch.

## REMINDER.

To

The District Magistrate of Malabar

The undersigned ~~has the honour to invite~~ is directed to invite ~~invites~~ attention to the communication noted in the margin and to request that this reminder may be returned at once with information as to—

Endt No. 4460-1, dated 21. May 1919

~~(1) the stage at which the matter now is,~~

~~(2)~~ the date by which a reply may be expected ~~and~~,

~~(3) the circumstances which have caused the delay.~~

2. It is requested that the reply to this reminder may be sent not later than the 15th July 1919.

Office Home Sect.

Station Stonehousehill

Dated 5th July 1919

Signature.

Under Secy. to Govt.

Designation.

SMD 4.7.19

### SUBJECT.

Idet 4 V. Circulation, tone etc. of the newspaper "Mangadarsi" published at Calicut.

## REPLY.

REGISTRAR HOME DEPT. 16 JUL 1919

To

The Secretary to Government, Home (Misc) Department.

Sir,

I have referred the matter to the Divisional Officer, Calicut. His reply has not yet been received. I shall submit my reply as soon as I get his reply.

I have the honour to be Sir
Your most obedient Servant

District Magistrate
7-19

19/1294

L.Dis.6227/19.

Malabar Dt. Magistrate's Office,

Calicut, 25th July 1919.

F. Hall Esq., I.C.S.,

Dt. Magistrate of Malabar.

The Secretary to the Government of Madras,

Home (Miscellaneous) Department.

Sir,

Your Endt. No.4460-1 dated 21-5-19. Newspaper - Margadarshi.

--------

The paper - an Anglo Malayalam Weekly - is not particularly popular the number of subscribers being below 500. The aim of the paper is said to be to help in the elevation of the depressed classes. But occasionally it indulges in the discussion of political matters in a mild tone. The policy of the paper may fairly be judged from the tone of the leading article in the issue of 9-5-19 - a copy of which is enclosed. I have dispensed with security as the printer has been registered as the keeper of the press where it is printed.

2. Mr. Kallat Raghavan, the Editor of the paper is reported to be a man of good character and worth about Rs.10000. He is also the proprietor of the Spectator Press, Calicut where the paper is printed and published. He was a member of the Calicut Municipal Council for some time.

I have the honour to be,

Sir,

Your most obedient servant,

For Dt. Magistrate.

LPK.

## വിദേശ വാർത്ത.

റുമേനിയും, ഹംഗേറിയയും തമ്മിലുള്ള യുദ്ധത്തിൽ റുമേനിയക്കു അല്പമായ വിജയം സിദ്ധിച്ചതായി കാണുന്നു.

---

ബഹുമാനപ്പെട്ട മിസ്റ്റർ എം- എ- ജിന്നക്കു പ്രത്യേകകല്പന കൂടാതെ ഹൈദരാബാദിൽ കടക്കാൻ പാടില്ലെന്നു അവിടുത്തെ നൈസാം കല്പിച്ചിരിക്കുന്നു.

---

പഞ്ചാബിൽ സത്യാഗ്രഹ ലഹളയിൽ ഉൾപ്പെട്ടിരുന്നവരുടെ വിചാരണ പോക്കളനിയമപ്രകാരം നടക്കുന്നു- കുറെ പ്രതികളെ ശിക്ഷിക്കയും ചെയ്തിരിക്കുന്നു.

---

ബൽജിയത്തിന്നു ഇപ്പോഴത്തെ സന്ധിവ്യവസ്ഥയിൽ അത്ര തൃപ്തിയില്ല- കാരണം ജർമ്മൻ കോളനികളെ ഭാഗിക്കുമ്പോൾ സമാധാന യോഗക്കാർ ബൽജിയത്തെ വിസ്മരിച്ചതാണ.

---

350 പേജുകൾ ഉള്ളതും, സന്ധിനിശ്ചയങ്ങളെ വിവരിച്ചിരിക്കുന്നതും ആയ ഒരു പുസ്തകം സമാധാനയോഗക്കാർ എഴുതിട്ടുണ്ടു പ്രസ്തുത പുസ്തകം ഈ ആഴ്ചയിൽ ജർമ്മൻകാരെ ഏല്പിക്കുന്നതാണ.

---

മഹായുദ്ധത്തിന്നുള്ള ആകെ ചിലവു 4,000 കോടിപവനാണെന്നും, അമേരിക്കക്കുതന്നെ 604 കോടി പത്തുലക്ഷം പവൻ ചിലവായിരിക്കുന്നുവെന്നും അമേരിക്കക്കാരനായ ഒരു വിദഗ്ദ്ധൻ പറയുന്നു.

---

റഷ്യയിലെ ബോൾഷ്വിക്കുകാരുടെ സഹായത്തോടുകൂടി കൊറിയാവിൽ അന്നന്നു ലഹളകൾ വർദ്ധിച്ചു വരുന്നു ഈ ലഹളകളെ അമർത്തുവാൻ ജാപ്പാൻ ഗവർമ്മേണ്ടു കുറെ സൈന്യങ്ങളെ അവിടെ അയച്ചിരിക്കുന്നുവത്രെ

---

അബ്രാഹ്മണസംഘ നേതാവായ ഡൊക്ടർ നായർ ഇംഗ്ലണ്ടിലേക്കു പോകേണ്ടതിന്നായി മദിരാശിയിൽനിന്നു ബൊമ്പായിലേക്കു തിരിച്ചിരിക്കുന്നു- ബൊമ്പായിൽനിന്നു ഈ വരുന്ന ഞായറാഴ്ച കപ്പൽ കയറുന്നതാണ.

---

ദക്ഷിണധ്രുവത്തിന്നു സമീപമുള്ള രാജ്യങ്ങളിലേക്കു 1920 ജൂൻമാസത്തിൽ ഇംഗ്ലണ്ടു ഒരു കപ്പൽ അയക്കുന്നതാകുന്നു- ഈ യാത്രയുടെ പ്രധാനമായ ഉദ്ദേശം ഈ രാജ്യങ്ങളിൽ ലോഹങ്ങൾ ഉണ്ടോ എന്നു അറിയേണ്ടതാകുന്നു ഈകപ്പൽ 1926 ൽ മടങ്ങി വരുന്നതാണ

---

സൈബീരിയ രാജ്യത്തിൽ ബൊൾഷിവിക്ക ഗവർമ്മേണ്ടിന്റെ പട്ടാളം പരാജിതമായിരിക്കുന്നു- പോലണ്ടിലും ബോൾഷ്വിക്ക സംഘക്കാർക്ക തോൽമയാണുള്ളത- വിൽന എന്ന പട്ടണത്തിൽ നിന്നു ബോൾഷ്വിക്ക സൈന്യത്തെ ജർമ്മൻകാർ ഓടിച്ചുകളഞ്ഞിരിക്കുന്നു.

---

പത്രപ്രവർത്തനപരിശീലനത്തിന്നു ബിരുദ നൽകുന്നതിലേക്കായി ലണ്ടൻ സർവ്വകലാശാലക്കാർ ഏർപ്പാടുകൾ ചെയ്തുവരുന്നുണ്ടു- രണ്ടുവർഷത്തെ പരിശീലനത്തിന്നു ശേഷം പരീക്ഷ നടത്തി ഡിഗ്രി കൊടുക്കാനാണ തീർച്ചയാക്കിയിരിക്കുന്നത

---

"ഇന്ത്യ ആരുടെ" എന്ന തലക്കെട്ടിനു ചോടെ ആയി അമൃതബസാർ പത്രം ഒരു വിമർശന ലേഖനം എഴുതിയിരുന്നു- അതുനിമിത്തം ആ പത്രം ഗവർമ്മേണ്ടിലേക്കു കെട്ടിവെച്ചിരുന്ന 5000 ഉറപ്പിക ഗവർമ്മേണ്ടു പിടിച്ചെടുക്കയും, മേലിൽ പത്രം നടത്തേണമെങ്കിൽ 10000 ഉറപ്പിക കെട്ടിവെക്കേണമെന്നു ആജ്ഞാപിക്കയും ചെയ്തിരിക്കുന്നു

---

ഈ മെയി 3 ാംനു- മദിരാശിയിൽ സമ്മേളനംചെയ്ത തൊഴിലാളികളുടെ യോഗത്തിൽവെച്ചു ഇംഗ്ലണ്ടിലെ കൂലിപ്രവൃത്തിക്കാരുടെ ഒരു പ്രതിനിധിയായ ജോൺസൻ എന്ന സായ്പു ഒരു പ്രസംഗം നടത്തിയിരിക്കുന്നു- മിസ്റ്റർ വാഡിയ മദിരാശി തൊഴിലാളികളുടെ പ്രാതിനിധ്യം വഹിച്ചു ഇംഗ്ലണ്ടിലേക്കു പോകാൻതീർച്ചപ്പെട്ടുത്തിയിരിക്കുന്നു,

---

ഇന്ത്യക്കാരും, ഇംഗ്ലീഷുകാരും സാമുദായിക കാര്യങ്ങളിൽ സഹകരിക്കാത്തതുകൊണ്ടാകുന്നു രാഷ്ട്രീയകാര്യങ്ങളിൽ ഐകമത്യമില്ലാത്തതു എന്നൊരഭിപ്രായം ഇതിനിടെ ഉണ്ടായിട്ടുണ്ടു- ഇവക്കന്യോന്യം സാമൂഹ്യ കാര്യങ്ങളിൽ ഒരുമയുണ്ടാകുവാനും, രണ്ടു കക്ഷികൾക്കും അന്യോന്യം പരിചയമുണ്ടാവാനും, സൌകര്യം നൽകാനായി ഒരു സമാജംസ്ഥാപിക്കുവാൻ ബൊമ്പായിൽ ചില മാന്യന്മാർ പരിശ്രമം ചെയ്തുപോരുന്നു-

## സ്വദേശ വാർത്ത.

തലശ്ശേരിയിലെ ടെമ്പററി സബ്ബകോടതിയും എഡിഷനൽ മുൻസിപ്പു കോടതിയും അവിടെ സ്ഥിരപ്പെടുത്തിയിരിക്കുന്നു.

---

മലബാർ ഡിസ്ട്രിക്ട മെഡിക്കൽ ഓപ്പീസ്സരായി നിശ്ചയിച്ച മേജർ, ബ്രെഡ്ഫീൽഡ (ഐ- എം- എസ്സ്-) ഇവിടെ വരുന്നതല്ലെന്നു കേൾക്കുന്നു.

---

ബോമ്പായി ഫിഷറി സൂപ്രഡേണ്ടു, മലയാളത്തിലെ മത്സ്യവ്യാപാരത്തിന്റെ സ്വഭാവം മനസ്സിലാക്കേണ്ടതിന്നു, കോഴിക്കോട്ടു വന്നെത്തിയിരിക്കുന്നു.

---

പൊന്നാനി തൃക്കണാപുരം അംശത്തിലെ ഒരു നമ്പൂരിയുടെ ഗൃഹത്തിൽ പത്തുമുപ്പതുപേർ കടന്നുചെന്നു കവർച്ച നടത്തി അനവധി മുതൽകൊണ്ടുപോയിരിക്കുന്നു.

---

മിസിസ്സ് ബെസണ്ടിന്റെ സ്വന്തം വകയായി നാഷനൽ ഹോംറൂൾലീഗ എന്നു ഒരു പുതിയസംഘം ഏർപ്പെടുത്തീട്ടുണ്ടു- പ്രസ്തുത സംഘത്തിന്റെ ഒരു ശാഖ ഇവിടെയും സ്ഥാപിച്ചതായറിയുന്നു.

---

മലബാർ വിദ്യാർത്ഥി കൊൺഫ്രൻസിന്റെ മൂന്നാം വാർഷിക സമ്മേളനം ഇന്നു വടകര, ജില്ലായോഗപ്പന്തലിൽവെച്ചു നടത്തുന്നതാണ- പാലക്കാട്ട വിക്ടോറിയ ഹൈസ്കൂൾ ഹെഡ്മാസ്റ്റര, മിസ്റ്റർ വി- പി- പരമേശ്വരയ്യർ ആയിരിക്കും ഈ സഭയുടെ അദ്ധ്യക്ഷൻ.

---

തലശ്ശേരിനിന്നു വയനാട്ടിലേക്കുള്ള നിരത്തിൽ തലശ്ശേരി മുൻസിപ്പാലിട്ടിക്കുള്ളിലുള്ള ഭാഗം ഇതുവരേക്കും വളരെ അനാസ്ഥയിലായിരുന്നത നന്നാക്കുവാനായി ഗവർമ്മേണ്ടു 10000ക. മുൻസിപ്പാലിട്ടിക്ക ധനസഹായം ചെയ്തത മുഴുവനും ന്യായമായ വിധം ആ നിരത്തിന്നുതന്നെ ചിലവചെയ്വാൻ ചെയർമാൻ മിസ്റ്റർ അലക്സാണ്ടർ പ്രത്യേകം ദൃഷ്ടിവെക്കുമെന്നു വിശ്വസിക്കുന്നു.

---

ഈ കൊല്ലം കരുനാഗപ്പള്ളി കോഴിക്കോട്ടിൽ കൂടിയ നായർസമാജത്തിൽ ഈഴവരെ ക്ഷണിച്ചില്ലെന്നും, ക്ഷണിക്കാത്ത ചെ

ന്ന ഈഴവരെ അശുദ്ധം പറ്റാത്ത നിലയിൽ അകറ്റി ഇരുത്തി എന്നും ഒരു പത്രത്തിൽ കാണുന്നു. ഇതിനുമുമ്പു അവിടെവെച്ചു നടത്തപ്പെട്ടിരുന്ന നായർസമാജ യോഗങ്ങളിൽ ഈഴവരെ ക്ഷണിക്കാറും, മറ്റുള്ളവരൊപ്പം അവൎക്കും "അദ്ധ്യാസനം" നൽകാറും ഉണ്ടായിരുന്നപോൽ.

---

തലശ്ശേരി സബ്ബ്ജഡ്ജി ആയിരുന്ന മിസ്റ്റർ കെ. പി. കരുണാകരമേനോനെ രാമനാട്ടിലേക്കു മാറ്റിയിരിക്കുന്നതായി അറിയുന്നു.

---

കൊല്ലങ്കോട്ടിന്നടുത്തുള്ള ഒരു ക്ഷേത്രത്തിലെ ശാന്തിക്കാരൻ എമ്പ്രാന്തിരി ദേവന്റെ ആഭരണം മോഷ്ടിച്ചു എന്ന കുറ്റത്തിന്നു ഒരു മാസത്തെ കഠിനതടവു ആലത്തൂർ മജിസ്ട്രേട്ടു വിധിച്ചുകൊടുത്തിരിക്കുന്നു.

---

"കൊച്ചി ശ്രീനാരായണ മംഗലയോഗ"ത്തിന്റെ മൂന്നാമത്തെ വാൎഷികയോഗം ഈ മാസം 10-ാംനു ശനിയാഴ്ച പകൽ ഒരുമണി മുതൽ ഠൂഠാംപറമ്പിൽ ഗോവിന്ദൻ അവർകളുടെ വാസസ്ഥലത്തുവെച്ചു ശ്രീമാൻ, എം. കെ. രാമൻ, എം. എ. ബി. എൽ. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തുവാൻ നിശ്ചയിച്ചതായി യോഗം സിക്രട്ടറി ഞങ്ങളെ അറിയിച്ചിരിക്കുന്നു.

---

തിരുവാലൂർ, പിറവൂർ എന്നീ രണ്ടു ഹൈസ്കൂളുകളും, സ്കൂൾ ഡിപ്പാർട്ടുമെണ്ടോടുകൂടി കോയമ്പത്തൂർ തലശ്ശേരി ബ്രണ്ണൻ എന്നീ രണ്ടു രണ്ടാംഗ്രേഡ് കോളേജുകളും ജൂൻ 1-ാംനു മുതൽ ഗവർമ്മേണ്ടു ഏറെറടുത്തു നടത്തുന്നതും കോഴിക്കോട്ടുള്ള സെക്കണ്ടറിട്രെയിനിങ്ങ സ്കൂൾ തലശ്ശേരിയിലേക്കു മാറ്റം ചെയ്യുന്നതും ആകുന്നു.

---

മലബാറിലെ "പതിതോദ്ധാരണസംഘം" വകയായി താഴ്ത്തപ്പെട്ട ജാതിയിലുൾപ്പെട്ട കുട്ടികളുടെ ആവശ്യത്തിന്നു കോഴിക്കോട്ടു പട്ടണത്തിൽ ഒരു ബോൎഡിങ്ങ സ്കൂൾ കഴിഞ്ഞ ഞായറാഴ്ച ആരംഭിച്ചിരിക്കുന്നു. ഈ സ്കൂളിന്റെ മേലന്വേഷണവും കുട്ടികളുടെ രക്ഷാകൎത്തൃത്വവും ഇപ്പോൾ വഹിക്കുന്നതു മലബാർ ബ്രഹ്മസമാജാംഗങ്ങളിൽ ഒരാളായ ശ്രീമാൻ ഇ. രാമൻമേനോൻ ബി. എ. എൽ. ടി. അവർകളാകുന്നു.

---

കാവിശ്ശേരി നെല്ലിത്രഗ്രാമത്തിലെ ചില ബ്രാഹ്മണർ ഒരു രാമകുറുപ്പിന്റെ പേരിൽ ക്ഷേത്രത്തിന്നടുത്തുള്ള വയലുകളിൽ ചെറുമക്കളെക്കൊണ്ടു പ്രവൃത്തി എടുപ്പിച്ചു ക്ഷേത്രം അശുദ്ധമാക്കി എന്ന സംഗതിക്കു കൊടുത്തിരുന്ന കേസ്സിൽ ആലത്തൂർ മജിസ്ട്രേട്ടു കുറുപ്പിന്നു 5 ക. പിഴ കല്പിച്ചതിന്മേൽ കുറുപ്പു അപ്പീൽ കൊടുക്കുകയും അപ്പീലിൽ ഡിസ്ട്രിക്ട മജിസ്ട്രേട്ടു ശിക്ഷ ദുൎബ്ബലപ്പെടുത്തി പിഴ മടക്കി കൊടുപ്പാൻ കല്പിക്കയും ചെയ്തിരിക്കുന്നു.

---

വടകരവെച്ചു കഴിഞ്ഞുകൂടിയ 4-ാമത്തെ മലബാർ ഡിസ്ട്രിക്ട കോൺഫ്രൻസിൽ സത്യാഗ്രഹ ബഹളത്തിന്നനുകൂലമായിട്ടാണ തീൎപ്പു പാസ്സാക്കിയിരിക്കുന്നതു. എന്നാൽ ഈ തീൎപ്പിനെ പ്രതിഷേധിച്ചവരിൽ പ്രമാണി മിസ്റ്റർ, മഞ്ചേരി രാമയ്യരായിരുന്നു. അയ്യരവർകൾ സത്യാഗ്രഹത്തെ പ്രതികൂലിച്ചുകൊണ്ടു പ്രക്ഷോഭകരമാംവണ്ണം ചെയ്ത പ്രസംഗത്തിൽ "ഇംഗ്ലണ്ടിന്റെ സ്നേഹത്തിലാണു ഇന്ത്യയുടെ ശ്രേയസ്സു പ്രതിഷ്ഠിതമായിരിക്കുന്നതു" എന്നിങ്ങിനെ പ്രസ്താവിക്കയുണ്ടായി.

---

ആലപ്പുഴ കടൽകരക്കു വെച്ചു ഒരു കുട്ടിയെ അറുത്തു ആ കുട്ടിയുടെ മെയ്യാഭരണങ്ങളെ അപഹരിച്ചുകൊണ്ടുപോയി എന്ന ഒരു കേസ്സു തിരുവിതാംകൂറിൽ രണ്ടുമൂന്നുകൊല്ലം മുമ്പെ നടന്നിരുന്നു. അന്നു ആ കേസ്സു തുമ്പും വാലും ഇല്ലാതെ പോകയാണുണ്ടായതു. ഇതിനിടെ കുഷ്ഠരോഗംനിമിത്തം വലഞ്ഞു യാചനംകൊണ്ടു ഉപജീവനം കഴിച്ചിരുന്ന ഒരാൾ ആലപ്പുഴ റോഡിൽ കിടന്നു മരിക്കുമ്പോൾ മുമ്പു പറഞ്ഞ കഠോര മരണം നടത്തിയതു താനാണെന്നും, അതിന്റെ ഫലമാണ താൻ അനുഭവിച്ച അരിഷ്ടസ്ഥിതികൾ എന്നും പശ്ചാത്തപിച്ചു വിലപിച്ചു പറഞ്ഞതായി ഒരു സഹജീവി പ്രസ്താവിക്കുന്നു.

---

സാധുക്കളായ അനേകം ജനങ്ങൾ അനുഭവിച്ചുവരുന്ന സങ്കടത്തിന്നും അരിഷ്ടതക്കും ഒരു മാതിരിയെങ്കിലും ശമനം കിട്ടേണമെന്നുവെച്ചാണല്ലൊ നമ്മുടെ കലക്ടരുടെ ഉത്സാഹത്താൽ അരി വരുത്തി ചെയർമാൻ മുഖേനയും ഡിപ്യൂട്ടികലക്ടർ മുഖേനയും വില്പവാൻ പ്രത്യേക ലൈസൻസ ഏൎപ്പെടുത്തിട്ടുള്ളതും അവരുടെ മുഖേന ചില സ്ഥലങ്ങളിൽനിന്നൊക്കെ അരി മിതമായ വിലക്കു വിററുവരുന്നതും. ഈ ഏൎപ്പാട ആദ്യം കുറച്ചൊക്കെ മൎയ്യാദയായി നടന്നിരുന്നു എങ്കിലും ഇപ്പോൾ അതിന്റെ ഫലം മിക്ക സ്ഥലങ്ങളിലും കേവലം വിപരീതമായി പരിണമിച്ചു കാണുന്നതിൽ വളരെ വ്യസനിക്കേണ്ടിവന്നിരിക്കുന്നു. അരി കിട്ടുവാനുള്ള ബുദ്ധിമുട്ടു ചില്ലറയല്ല. തരം മാറുന്നതു ദുൎല്ലഭമല്ല. അളവു കുറയുന്നതു അസാധാരണയുമല്ല. ഇങ്ങിനെയാണ ഇപ്പോഴത്തെ സ്ഥിതി. ചിലവിന്റെ ആവശ്യം എന്നുപറഞ്ഞു ചില്ലറ ഉദ്യോഗസ്ഥന്മാരിൽ പലരും ചാക്കുചാക്കായി അരിവാങ്ങി അങ്ങാടിക്കാൎക്കുംമററും ലാഭത്തിന്നു വില്ക്കുന്നു എന്നുള്ള ബഹുജനവാക്കു അവാസ്തവമാണെന്നു പറവാൻ വഴി കാണാതെയാണിരിക്കുന്നതു. യഥാൎത്ഥമായ ആവശ്യക്കാർ ചെന്നാൽ അവരെക്കൊണ്ടു "ഫുട്ബാൾ" കളിക്കുന്നതു ഒരു മാതിരി വഴക്കായിരിക്കുന്നു. അരി വേണമെന്നുണ്ടെങ്കിൽ ചെയർമാന്റെ അടുക്കൽ തളിയിൽ പാസ്സിന്നു പോകണം. അതിന്നു ഒരു ദിവസത്തെ പണി. പാസ്സുംകൊണ്ടു മുൻസിപ്പാൽആപ്പീസ്സിലും ഹജൂരിലും പോയി വരം കിടക്കണം; അതിന്നു മറെറാരു ദിവസം. ഇങ്ങിനെ രണ്ടുംമൂന്നും ദിവസം തെണ്ടിനടന്നാലല്ലാതെ അരികിട്ടുന്നതു പ്രയാസമായി വന്നിരിക്കുന്നു. അങ്ങാടിയിൽ അരിവില 19-ം 20-ം ഉറുപ്പികയായിരിക്കുന്നു. ആകപ്പാടെ ആലോചിച്ചാൽ ഈ ഏൎപ്പാടുകൾ പഞ്ചതന്ത്രത്തിൽ പറഞ്ഞപ്രകാരം "തന്നുടെ മിത്രങ്ങളെ ഒക്കവെ രക്ഷിപ്പാനും തന്നുടെ ശത്രുക്കളെ ഒക്കവെ ശിക്ഷിപ്പാനും" മാത്രം കൊള്ളാം എന്നു ചില സംഗതികളിൽ തോന്നിപ്പോകേണ്ടി വരുന്നതിൽ പരിതപിക്കുന്നു. രാപ്പകൽ ഒരുപോലെ ഹജൂരിൽ അരിക്കു വന്നു വരം കിടക്കുന്ന സാധുക്കളുടെ സ്ഥിതിയും എണ്ണവും കണ്ടു സഹിപ്പാൻ നിവൃത്തിയില്ലാതെ വന്നിരിക്കുന്നു. അതുകൊണ്ടു ദയാലുവായ കലക്ടരവർകളും, ആശ്രിതവത്സലന്മാരായ ഡിവിഷനൽ ആപ്സരും ചെയർമാനും ഈ കാൎയ്യത്തിൽ വേണ്ടതു ഉടനെ പ്രവൃത്തിച്ചും, അരി വില്ക്കുന്നവരുടെ മേൽ പ്രത്യേകം ദൃഷ്ടിവെച്ചും സാധുക്കളുടെ അലമുറക്കു ഒരുമാതിരിയെങ്കിലും ശമനം വരുത്തി തരുവാൻ സവിനയം അപേക്ഷിക്കുന്നു.

ഒരു ലേഖകൻ



## മിശ്രവിവാഹബില്ല്.

(ശ്രീമാൻ ടി. നാരായണൻനമ്പ്യാർ.)

---

ബഹുമാനപ്പെട്ട മിസ്റ്റർ വി. ജി. പട്ടേൽ സാമ്രാജ്യനിയമനിൎമ്മാണ സഭയിൽ കൊണ്ടുചെന്ന ഹിന്തുസമുദായ മിശ്രവിവാഹബില്ലിനെപററി പലരും ആക്ഷേപിച്ചും സഹായിച്ചും പറഞ്ഞിട്ടുണ്ടു. ആക്ഷേപിച്ചവരിൽ അധികംപേരും ബ്രാഹ്മണരാണെന്നു വിശേഷിച്ചു പറയേണ്ടതില്ല. ഈ ബിൽ നിയമമാകുന്നപക്ഷം ഹിന്തു സമുദായം നാശോന്മുഖമായിത്തീരുമെന്നാണ ചിലർ പറയുന്നതു. മിശ്രവിവാഹം സ്മൃതികളിൽ വിരോധിക്കപ്പെട്ടതാണപോലും. സ്മൃതികളെ തൊറിനടക്കുന്നതായാൽ നാശംവരുമൊ എന്നു ചോദിക്കേണ്ടുന്ന ആവശ്യമില്ലല്ലൊ.

എനിക്കു വേദവും സ്മൃതിയും മററുമൊന്നും അറിഞ്ഞുകൂടാ. അതുകൊണ്ടു അവയിലുള്ള വാക്യങ്ങളെ എത്രത്തോളം ബഹുമാനിക്കേണ്ടുമെന്നു എനിക്കു പറയുവാൻ സാധിക്കുകയില്ല. ബ്രാഹ്മണവാക്യം ദൈവവാക്യത്തെക്കാൾ മാനനീയമാണെന്നും "ബ്രാഹ്മണഃ പരമം ദൈവം ബ്രാഹ്മണഃ പരമാഗതി" എന്നുമെല്ലാം എന്നെ ചെറുപ്പത്തിൽ പഠിപ്പിച്ചിട്ടുണ്ടു. ശ്രുതിയും, സ്മൃതിയും, കുസൃതിയും വികൃതിയുമെല്ലാം ഇപ്പോഴത്തെ ബ്രാഹ്മണന്മാരുടെ അച്ഛന്മാരുടെ അച്ഛന്മാർ ഉണ്ടാക്കിയതാണെന്നും ഞാൻ പഠിച്ചിട്ടുണ്ടു. അതുകൊണ്ടു സ്മൃതിവാക്യം വിസ്മൃതിയിൽ പെടാൻ പാടില്ല. കൂടാതെ മഹാബ്രാഹ്മണരും ബ്രാഹ്മണോത്തമന്മാരും ഭൂമിയിലെ ഈശ്വരന്മാരുമായ മദനമോഹന മാലവിയ, കെ. വി. രംഗസ്വാമി അയ്യങ്കാർ മുതലായവരും പട്ടേലിന്റെ ബില്ല് നാശകരമാണെന്നു പറഞ്ഞിട്ടുണ്ടു. അതുകൊണ്ടു മിശ്രവിവാഹബില്ല് നാശകരമായിരിക്കണം.

മഹാബ്രാഹ്മണന്മാരുടെ അഭിപ്രായത്തെ ഖണ്ഡിക്കുവാൻ എനിക്കു സാധിക്കുമൊ? ഇല്ല. എന്നാലും നമ്മുടെ താഴ്മയായ അഭിപ്രായത്തിന്നും ബ്രാഹ്മണാഭിപ്രായത്തെ തീണ്ടി അശുദ്ധമാക്കാതെ പുറത്തിറങ്ങി ശ്വാസം കഴിച്ചുകൂടെ? പട്ടേലിന്റെ ബില്ല് ഹിന്തുസമുദായങ്ങൾ തമ്മിലുള്ള വിവാഹത്തെ മാത്രമെ നിയമദൃഷ്ട്യാ സാധൂകരിക്കേണമെന്നു പറയുന്നുള്ളു. അതായതു മേൽജാതിയിലുള്ള ഒരാൾ കീഴ്ജാതിയിലുള്ള ഒരു സ്ത്രീയെ വിവാഹംകഴിക്കുന്നതായാൽ തന്നിമിത്തം അവരുടെ [illegible] ഭിക്കുണ്ടുന്ന സ്വത്തുക്കൾക്കു അവകാശമില്ലാതാകുവാൻ പാടില്ലെന്നാണ. സ്വത്തിനെ സംബന്ധിച്ചേടത്തോളമാണല്ലൊ 'നിയമദൃഷ്ട്യാ സാധൂകരണം". ആവശ്യമുള്ളത ഈ ബില്ലിന്റെ സാരം ഇത്രമാത്രമാണെങ്കിൽ എങ്ങിനെയാണാവൊ ഇതു നിമിത്തം ഹിന്തുസമുദായം നശിക്കുന്നതു. ശരി സ്മൃതിവാക്യം തൊറിനടന്നിട്ടു ഹിന്തുമതസ്ഥനായ ഒരാൾ ക്രിസ്തുമതത്തെ അംഗീകരിക്കുന്നപക്ഷം അദ്ദേഹത്തിന്നു ഹിന്തുതന്നെയായിരുന്നാലുള്ള സ്വത്തിന്നെല്ലാം അവകാശമുണ്ടെന്നു നിയമമുണ്ടു. എന്നിരിക്കെ, ഒരു ഹിന്തു മറെറാരു ഹിന്തുസമുദായത്തിൽ വിവാഹം ചെയ്യുന്നതുകൊണ്ടു അദ്ദേഹത്തിന്നു സ്വത്തിന്നുള്ള അവകാശമെല്ലാം നശിച്ചുപോയിയെന്നു പറയുന്നതിൽ മാലവിയക്കും, അയ്യങ്കാൎക്കും ന്യായമുണ്ടായിരിക്കാം, സ്മൃതിയൊന്നും അറിയാത്ത എനിക്കു ന്യായമില്ല. ഒരു ഹിന്തുവിന്നു മറെറാരു ഹിന്തുസമുദായത്തിൽ വിവാഹം ചെയ്യേണമെന്ന ആഗ്രഹമുണ്ടെങ്കിൽ ഒന്നുകിൽ അവൻ ക്രിസ്തുമതത്തെ അംഗീകരിക്കേണം, അല്ലെങ്കിൽ തനിക്കു ന്യായമായി കിട്ടേണ്ടുന്ന സ്വത്ത വേണ്ടെന്നുവെക്കണം. ഇതാണ ഹിന്തുമതത്തിന്റെ അഭിവൃദ്ധിയെ ആഗ്രഹിക്കുന്ന മാലവിയ, അയ്യങ്കാർ മുതലായ ബ്രാഹ്മണന്മാർ പറയുന്നതു. ഹിന്തുസമുദായത്തെ നശിപ്പിക്കുവാൻ വിചാരിക്കുന്ന പട്ടേൽ മുതലായവർ പറയുന്നതെന്തെന്നാൽ—മറെറാരു ഹിന്തുസമുദായത്തിലെ ഒരു സ്ത്രീയെ വിവാഹം ചെയ്യേണമെന്ന ഒരാഗ്രഹം സാധിക്കേണ്ടതിലേക്കായി ഒരു ഹിന്തുവിനെക്കൊണ്ടു മറെറാരുമതത്തെ സ്വീകരിപ്പിക്കരുതു. സ്വത്തിന്നുള്ള അവകാശം പോയിപ്പോയിട്ടില്ലെന്നു അവനോടു പറയുന്നതായാൽ അവൻ ഹിന്തുവായിത്തന്നെയിരിക്കും. യേശുക്രിസ്തു പറഞ്ഞപ്രകാരം "കണ്ണുള്ളവർ കാണട്ടെ ചെവിയുള്ളവർ കേൾക്കട്ടെ" ആരാണ ഹിന്തുമതത്തെയും ഹിന്തുസമുദായത്തെയും അധികം സ്നേഹിക്കുന്നതു? മാലവിയൊ, അയ്യങ്കാരൊ, പട്ടേലൊ?

---

### ചണ്ഡാളൻ അല്ലെങ്കിൽ ഹീനജാതി ആരാണ്?

(സാധു.)

---

1. നികൃഷ്ടമായ വേലചെയ്യുന്നവനും, കുലം കുറഞ്ഞവനും, കറുത്ത ദേഹമുള്ളവനും ചണ്ഡാളനല്ല. എന്നാൽ ദുഷ്ക്രിയകൾ ചെയ്യുന്നവനും, നീചബുദ്ധിയുള്ളവനും, സ്വലാഭകാംക്ഷ മാത്രം ഉള്ളവനും ആണ യഥാൎത്ഥത്തിൽ ചണ്ഡാളൻ.

2. സ്വന്തം അഹോവൃത്തി കഴിപ്പാനായി അദ്ധ്വാനിക്കാതെ അന്യരുടെ ദാനശീലത്തിന്മേൽ ഉപജീവിച്ചുവരുന്നവൻ ചണ്ഡാളൻ.

3. മദ്യപാനിയായി, വ്യഭിചാരിയായി, മാതാപിതാക്കന്മാരെയും പുത്രകളത്രാദികളേയും രക്ഷണം ചെയ്യാത്ത സമുദായഘാതകൻ ചണ്ഡാളൻ.

4. സ്ത്രീകളെ കാമവികാരത്തോടുകൂടി നോക്കുന്നവൻ ചണ്ഡാളൻ.

5 പഞ്ചേന്ദ്രിയ സുഖങ്ങളിൽ മാത്രം തൃപ്തിപ്പെട്ടിരിക്കുന്നവൻ ചണ്ഡാളൻ.

6 സ്ത്രീകളോട നേരെ ബഹുമാനചിന്തയില്ലാതെ അവർ തന്റെ കാമക്രീഡക്കു മാത്രം പാത്രമാണെന്നു വിശ്വസിക്കുന്നവൻ ചണ്ഡാളൻ.

7. തനിക്കുവേണ്ടി മാത്രം താൻ ജീവിച്ചു മററുള്ളവരുടെ ഗുണത്തെപററി ചിന്തനം ചെയ്യാത്തവൻ ചണ്ഡാളൻ.

8. 'അകത്തുകത്തിയും പുറത്തുപത്തിയും' എന്ന പഴഞ്ചൊല്ലുപോലെ ജനങ്ങളോടു പെരുമാറുന്നവൻ ചണ്ഡാളൻ.

9 ദരിദ്രന്മാരെയും, നിസ്സ്വകളേയും ഹിംസിക്കുന്നവനും ശ്രേയസ്സുള്ളവരേയും, ധനികന്മാരെയും സ്വലാഭത്തിന്നായി സേവിക്കുന്നവനും ചണ്ഡാളൻ.

10. തന്റെ ഗുണത്തിന്നൊ മററുള്ളവരെ സഹായിപ്പാനൊവേണ്ടി കളവുപറയുന്നവൻ ചണ്ഡാളൻ.

11. പരദ്രവ്യം കക്കുന്നവൻ ചണ്ഡാളൻ

12. സമയത്തെ നീചവൃത്തിയിൽ ചെലവുചെയ്യുന്നവൻ ചണ്ഡാളൻ.

13. കള്ളാധാരമുണ്ടാക്കുന്നവനും ജനങ്ങളെ തെററിദ്ധരിപ്പിക്കുന്നവനും ചണ്ഡാളൻ.

14 കൊലപാതകനും കവച്ചക്കാരനും കള്ളാധാരമുണ്ടാക്കുന്നവനും ചണ്ഡാളൻ.

15. ഏഷണി കൂട്ടുന്നവനും, രാജദ്രോഹം ചെയ്യുന്നവനും ചണ്ഡാളൻ.

16. ക്രൂരനും അത്യാശയുള്ളവനും പാമ്പിനെപോലെ വൈരം വെക്കുന്നവനും ചണ്ഡാളൻ.

17. പ്രവൃത്തിദോഷത്താൽ ഒരുവൻ ചണ്ഡാളനാകുന്നതല്ലാതെ ജനനംകൊണ്ടു ഒരുവൻ ചണ്ഡാളനാകുന്നില്ല. സനാതനധൎമ്മം നല്ലവരെയൊക്കെ സ്വീകരിക്കുന്നു. അവന്റെ തോൽ കറുത്താലും വേണ്ടതില്ല വെളുത്താലും വേണ്ടതില്ല. ചണ്ഡാലി പെററാലും വേണ്ടതില്ല. ബ്രാഹ്മണി പെററാലും വേണ്ടതില്ല. സനാതനധൎമ്മത്തിന്നു എതിരായി ജീവിക്കുന്നവരൊക്കെ ചണ്ഡാളർ, പൂണൂൽകാരായാലും വേണ്ടതില്ല. അതില്ലാഞ്ഞാലും വേണ്ടതില്ല.

തഴയ്ക്കാനുള്ള കാരണമെന്താണ് എന്നു നമ്മുടെ കൃഷിക്കാർ ആലോചിച്ചുനോക്കുന്നുണ്ടോ അവർക്ക് കൃഷിക്കാർ എന്നുള്ള പേരു പ്രമാണത്തി[illegible] മതി എന്നുമാത്രമെ വിചാരമുള്ളു. കഷ്ടം! മഹാത്മ്യമറിഞ്ഞവർ ഫലമെടുക്കും.

നമ്മുടെ ഭൂമി മററു [illegible]ങ്ങളെ അപേക്ഷിച്ചു ചില ഭൂയിഷ്ഠമായതായിരുന്നിട്ടും നമുക്കു [illegible] ഗുണം സിദ്ധിക്കുന്നില്ല. അതിൻെറ കാരണം [illegible]ടി എന്ന [illegible]ചിനെ നാം സ്വയംവരിച്ചിരിക്കുന്നതുകൊണ്ടു മാത്രമാകുന്നു. "മടി കുട കെടുക്കും" എന്നല്ലെ ആപ്തവചനം. ആ അലസതയുടെ ഫലം നാലഞ്ചു വഷംകൊണ്ടു നമുക്കു അനുഭവിക്കുന്നതിനും സംഗതിയായി. ഒരു ദേശം അഭിവൃദ്ധിയിൽ വരണമെങ്കിൽ അവിടത്തെ വിളവ് ന[illegible] [illegible]രിക്കണം.

(1) ഉഴവാനല[illegible]ക്കയിർ (2) ഏർ നടന്നാൽ ചേർ നടക്കും. (3) കുടിയേറ നെൽ ഉ[illegible]ം. (4) കുടി ഉയര [illegible]ടിയുയരും. (5) കുടിയാനവനെ മുടിയാ[illegible]ം. (6) [illegible]റവിട്ട പാപത്തെ തൊലൈം എന്നാണ കൃഷിയെ സംബന്ധിച്ചു പൂവ്വന്മാർ പടഞ്ഞിട്ടുള്ളതു.

കൃഷിക്കാർ, മണ്ണിൻെറ ഗുണം, നിലം താഴ്ത്തിയുഴുന്നതിൻെറ പ്രയോജനം, ചേട്ടുകളും പള്ളങ്ങളും ശരിയായറിഞ്ഞു നിരത്തുക, കൃഷിക്കു കൊള്ളാവുന്ന ഉപകരണങ്ങൾ, കൃഷി ചെയ്യേണ്ടവിധം, വിത്തുകളെ ശേഖരിക്കുന്ന മുറ, കാലാകാലത്തു വെള്ളം കെട്ടിനിറത്തുകയും വിടുകയും, വെളവെടുക്കുന്ന കാലം, വിത്തുകൾ ശേഖരിക്കുന്ന വിധം, കളപറിക്ക, ഉപദ്രവികളായ പുഴുക്കളെ നശിപ്പിക്ക, ഇരുമ്പു കലപ്പകൊണ്ടുള്ള ഉപയോഗം മുതലായവ നല്ലപോലെ അറിഞ്ഞിരിക്കണം. കൃഷിക്കാരൻ ദിവസേന നിലത്തിൽ പോയി പരിശോധിക്കുന്നതു കൃഷിക്കു രക്ഷയും സന്തുഷ്ടികരവുമാകുന്നു.

കൃഷിയുടെ വദ്ധനവിനായി ഓരോ സ്ഥലത്തും പ്രത്യേകം പ്രത്യേകം വ്യവസായസംഘങ്ങൾ സ്ഥാപിച്ചു പ്രസംഗങ്ങൾ നടത്തുകയും, ലഘുലേഖകൾ വിതരണം ചെയ്യുകയും, അന്യനാടുകളിലെ കൃഷിസമ്പ്രദായങ്ങളെ കണ്ടറിഞ്ഞു ജനങ്ങൾക്കുപദേശിച്ചുകൊടുക്കുവാൻ യോഗ്യന്മാരായ ആളുകളെ സംഘത്തിനിന്നും തിരഞ്ഞെടുത്തു നിയമിക്കയും ചെയ്യുന്നതു നന്നായിരിക്കും.

കൃഷിക്കാരുടെ ഇടയിൽ പരസ്പരസഹായസംഘങ്ങൾ സ്ഥാപിച്ചു കുറഞ്ഞ പലിശക്കു പണം കൊടുക്കൽ വാങ്ങൽ ചെയ്യുന്നതിനും ഏപ്പാടു ചെയ്യണം.

അല്ലയൊ കഷകന്മാരെ! നിങ്ങൾ ഉണരുവിൻ. നിങ്ങൾ മാമൂലിനെ വിട്ടു കൃഷിശാസ്ത്രതത്വമനുസരിച്ചു കൃഷിചെയ്യാൻ ശ്രമിപ്പിൻ. നല്ല ഉപകരണങ്ങൾ സമ്പാദിക്കുവിൻ. ഭാവി പൌരന്മാരാ[illegible] വിദ്യാത്ഥികളിൽ കൃഷിശാസ്ത്രം നിബ്ബന്ധമാക്കി പഠിപ്പിക്കുവാൻ ഗവമ്മേണ്ടിനൊടു അപേക്ഷിക്കുവിൻ. ഗവമ്മേണ്ടിൽനിന്നും ഒഴിച്ചിട്ടപ്പെട്ട വനങ്ങളിൽ തന്നെയും കൃഷിക്കുപയുക്തമെന്നു കാണുന്ന സ്ഥലങ്ങളിൽ കൃഷിയിറക്കുന്നതിനു പതിച്ചുതരുന്നതിനു ഗവമ്മേണ്ടിനോടു ആവശ്യപ്പെടുവിൻ. [illegible]ം ഭൂമി തരിശിടാതെ എല്ലാകാലങ്ങളിലും കൃഷി ചെയ്യുന്നതിനുവേണ്ട നിയമം നടപ്പാക്കുവാൻ ഗവമ്മേണ്ടിനോടു ശിപാശ്ചെയ്യുവിൻ. എന്നാൽ നമുക്കു ക്ഷാമദേവതയുടെ പിടിവിട്ടു സുഭിക്ഷമായിക്കഴിച്ചുകൂട്ടാം.

## പുസ്തകങ്ങൾ

വാങ്ങുവിൻ! വായിപ്പിൻ!

| | | | |
|---|---|---|---|
| 1. ബ്രഹ്മധമ്മം (ഉപനിഷദാദി മൂലശ്ലോകങ്ങൾ അത്ഥത്തോടും വിശേഷാത്ഥത്തോടുംകൂടിയത) | 1 | 0 | 0 |
| 2. കീത്തനരത്നമാല (ബ്രഹ്മാനന്ദസ്വാമിയാലും മററും എഴുതപ്പെട്ടത് ... ... | 0 | 12 | 0 |
| 3. ബ്രാഹ്മമതം ... ... ... ... | 0 | 2 | 0 |

ആവശ്യപ്പെടേണ്ടും മേൽവിലാസം—

സിക്രട്ടെരി,

മലബാർ ബ്രഹ്മസമാജം,

പുതിയറ.

| | | | |
|---|---|---|---|
| 1. സാരംഗിനിപരിണയം (സംഗീതനാടകം) ... | 1 | 0 | 0 |
| 2. സുശീലാദുഃഖം (സംഗീതനാടകം) ... ... | 0 | 12 | 0 |
| ഇവരണ്ടും ഒന്നായി വാങ്ങുന്നവക്കു ... ... | 1 | 6 | 0 |
| 3. ബ്രിട്ടീഷരേണ മാഹാത്മ്യം ... ... ... | 0 | 2 | 0 |
| 4. ജയ ബ്രിട്ടേനിയ ... ... | 0 | 2 | 0 |
| 5. യേശു ദൈവമായിരുന്നുവൊ ... ... | 0 | 2 | 0 |
| 6. രാജാരാം മോഹന രായി (ഹരികഥ) ... ... | 0 | 3 | 0 |
| 7. പ്ലേഗ് ഫാർസ് ... ... ... ... | 0 | 4 | 0 |

(തപ്പാൽകൂലി പുറമെ)

പകപ്പവകാശം വില്പാൻ;—

1. ചരിത്രം—ഹൈദർ, ടിപ്പു.
2. ചരിത്രസംഗീതനാടകം—ബെഡ്നൂർ റാണി.
3. സംഗീതനാടകം—ഹരിശ്ചന്ദ്രവിലാസം.

കിട്ടുന്നേടം—

റാവുസാഹെബ് എ. ഗോപാലൻ, എൽ. എം. പി.

പുതിയറ

## സ്കൂൾപുസ്തകങ്ങൾ

വില്പാൻ തെയ്യാർ! വില്പാൻ തെയ്യാർ!

| | | | |
|---|---|---|---|
| പുതിയ ചട്ടത്തിന്നനുസരിച്ചു എഴുതപ്പെട്ടതും 30-ൽ അധികം വ്യായാമചിത്രങ്ങൾ അടങ്ങിയതുമായ ഡ്രിൽബുക്കു ഒന്നുക്കു | 0 | [illegible] | 0 |
| 1 മുതൽ 5 വരെ തരങ്ങളിലേക്കു ആവശ്യമുള്ള കണക്കുസംബന്ധമായ കോഷ്ഠങ്ങളും, റൂൾസും, ഭൂപോലമംഗളവുംമററും അടങ്ങിയ മനഃപാഠ പുസ്തകം | 0 | 0 | 9 |
| കുട്ടികളുടെ ഹാജരപട്ടിക (13 ഭാഗം) | 0 | 4 | 0 |
| മാസ്റ്റർമാരുടെ ഹാജരപട്ടിക | 0 | 3 | 0 |
| പ്രവേശനവിടുതൽ പട്ടിക | 0 | 5 | 0 |
| നടപ്പും വദ്ധനയും കാണിക്കുന്ന പട്ടിക 100 ഭാഗം | 0 | 6 | 0 |
| ടി ടി 200 ഭാഗം | 0 | 10 | 0 |
| വിസിറേറർസ് ബുക്ക് | 0 | 6 | 0 |
| ടി ചെറുത | 0 | 2 | 6 |

കെ. ആർ. ബ്രദർസ്,

മിഠായിതെരു,—കോഴിക്കോട.

Printed and published by KALLAT RAGHAVAN
at the SPECTATOR PRESS, Sweet Meat Street, Calicut.

Registered No. M—1389.

# മാഗ്ദശി.

"അസ്മാകംഘോകശുശ്രൂഷാ മൈത്രിചാസ്തുമമെസദാ"

# THE MARGADARSI.

വെള്ളിയാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത്.

| പുസ്തകം ൧ | 1919 മെയി 9-ാംനു-ക്കു ൧൦൯൪ മേടം ൨൬-ാംനു. | ലക്കം [illegible] |
|---|---|---|

THE "MARGADARSI"
*(An Anglo-Malayalam Weekly Journal)*
Published every Friday.

| RATES OF SUBSCRIPTION. | Rs. A. P. | RATES OF ADVERTISEMENTS. |
|---|---|---|
| For one year in advance... | 5—0—0 | 1st insertion, As. 3 per line. |
| „ Six months ... | ...2—8—0 | For every succeeding insertion, As. 2 per line. |
| „ Three months | ...1—8—0 | For contract rates, apply to The Manager. |
| „ Single copy ... | ...0—3—0 | |

### മാഗ്ദശി.

വരിസംഖ്യ എപ്പോഴും മുൻകൂറായി അടക്കേണ്ടതാണ്. അങ്ങിനെ അടക്കാതെയുള്ള വരിക്കാർ തങ്ങൾ അടക്കേണ്ടതായ വരിസംഖ്യ ചുമത്തി വി. പി. അയപ്പാൻ ഞങ്ങളോടു ആവശ്യപ്പെടുന്നപ്രകാരം ഞങ്ങൾ കരുതി അതുപ്രകാരം ഞങ്ങൾ ഉത്തമവിശ്വാസത്തിന്മേൽ പ്രവൃത്തിക്കുന്നതാകുന്നു.

### വരിസംഖ്യ

| | | | |
|---|---|---|---|
| ഒരു കൊല്ലത്തേക്കു (മുൻകൂറ്) | 5 | 0 | 0 |
| ആറു മാസത്തേക്കു | 2 | 8 | 0 |
| മൂന്നു മാസത്തേക്കു | 1 | 8 | 0 |
| ഒററ പ്രതിക്കു | 0 | 3 | 0 |

### പരസ്യകൂലി.

| | | | |
|---|---|---|---|
| ഓരോ വരിക്കു ഒന്നാമത് | 0 | 3 | 0 |
| ടി പിന്നെ | 0 | 2 | 0 |

സ്ഥിരപരസ്യങ്ങൾക്കു പ്രത്യേകക്കരാറിന്മേൽ കൂലി കണക്കാക്കി കൊടുക്കുന്നതാകുന്നു.

ഈ പത്രംവക പണവും, പത്രത്തിന്നാവശ്യപ്പെടുക, മേൽവിലാസം ഭേദപ്പെടുത്തുക മുതലായ സംഗതികൾക്കും, പണം സംബന്ധിച്ചും ഉള്ള എല്ലാ എഴുത്തുകളും താഴെ കാണിക്കുന്ന മേൽവിലാസത്തിൽ അയക്കേണ്ടതാണ്:—

'മാഗ്ദശി' മാനേജർ,—കോഴിക്കോട.

പ്രസിദ്ധംചെയ്യേണ്ടുന്ന ലേഖനങ്ങൾ, അഭിപ്രായത്തിന്നയക്കുന്ന പുസ്തകങ്ങൾ മുതലായവയും അതു സംബന്ധിച്ചുള്ള എല്ലാ എഴുത്തുകളും, പകരം അയക്കപ്പെടുന്ന മാസികകൾ പത്രങ്ങൾ മുതലായവയും താഴെ കാണുന്ന മേൽവിലാസത്തിൽ അയക്കേണ്ടതാണ.

'മാഗ്ദശി' പത്രാധിപർ,—കോഴിക്കോട്.

## സ്പെക്റേറർ അച്ചുക്കൂടം

— (സ്ഥാപനം 1885.) —

കോഴിക്കോട്.

ഇംഗ്ലീഷിലും മലയാളത്തിലുമുള്ള എല്ലാവിധ [illegible]ലകളും പലവണ്ണത്തിലും, പല മാതിരിയിലും ആവ[illegible]ടെ ഇഷ്ടത്തിന്നനുസരിച്ചു വൃത്തിയായും കൃത്യമായും ഇവിടെ ചെയ്തുകൊടുക്കുന്നതാകുന്നു. ബുക്ബൈൻറിങ്ങ്, [illegible] മുതലായ മററുപ്രവൃത്തികളും മിതമായ ചാജ്ജിന്നു അതിഭംഗിയായി ചെയ്തുകൊടുക്കും.

## ബി. രാജീവ ആൻറ് സൺസ്,

മിഠായിതെരു,—കോഴിക്കോട്.



ഇവിടെ "ഹമ്മോണിയം" മുതലായ എല്ലാവിധ സംഗീതസാമഗ്രികളും പുതുതായിഉണ്ടാക്കുകയും, കേടുവന്ന ഏതുതരം സംഗീതയന്ത്രങ്ങളും മിതമായ കൂലിക്കു നന്നാക്കി കൊടുക്കുകയും ചെയ്യുന്നതാകുന്നു,

## പുസ്തകശാല

മലയാളത്തിലുള്ള എല്ലാതരം പുസ്തകങ്ങളും ഇവിടെ എപ്പോഴും വില്പാൻ തെയ്യാറുണ്ട. ആവശ്യപ്പെടുന്ന പുസ്തകങ്ങൾ ഇവിടെ ഇല്ലാതെ വരുന്ന പക്ഷം, വരുത്തി കൊടുപ്പാനും തെയ്യാറാണ്.

നാഗരം, ഗ്രന്ഥാക്ഷരം, തമിഴ് മുതലായ ലിപികളിലുള്ള പുസ്തകങ്ങളും ഇവിടെ ഉണ്ട.

വിവരമായ പട്ടിക ആവശ്യപ്പെട്ടാൽ അയച്ചുകൊടുക്കുന്നതുമാണ.

ടി. കേളപ്പൻ നായർ,

പുസ്തകവ്യാപാരം—കോഴിക്കോട്,

## പ്രാൎത്ഥനയുടെ ആവശ്യകത.

(തുടൎച്ച)

### ഒരു ശാന്തിപാഠം.

(സേർ എൻ. ജി. ചന്ദവൎക്കർ, ക്നൈറ്റ്.)

മലയാളത്തിൽ പരിഭാഷപ്പെടുത്തിയത
(ശ്രീമാൻ എം. കെ. കേളു അവർകൾ, ബി. എ.)

നാം ഒരു നല്ലകൎമ്മം ചെയ്തിരിക്കുന്നുവെന്നു പറയുന്നതു ശരിയായി വരേണമെങ്കിൽ നമ്മുടെ മനസ്സും, കൎമ്മവും നന്മയെ ഉദ്ദേശിക്കുന്നതിൽ യോജിച്ചിരിക്കണം. ദൈവം നമ്മുടെ കൎമ്മത്തെക്കാൾ നമ്മുടെ ഉദ്ദേശത്തെയാണ വകവെക്കുന്നതു. അതുകൊണ്ടു നമ്മുടെ സൽകൎമ്മങ്ങളാൽ ധൎമ്മജീവിതം സാധിക്കേണമെങ്കിൽ ശരിയായ മനോഭാവം അഭ്യസിക്കേണ്ടതു അവശ്യം ആവശ്യമാകുന്നു. പ്രാൎത്ഥന നമുക്ക ജീവിതത്തെ കുറിച്ചുള്ള ജ്ഞാനം നൽകുകയും അതിനെ നമ്മുടെ ദൃഷ്ടിയിൽ നിൎത്തുകയും ചെയ്യുന്നു. കൎമ്മം ജീവിതത്തിന്റെ അനുഷ്ഠാനവും സാധിപ്പിക്കുന്നു. ഒന്നു മറ്റേതിനെ കുറവു തീൎക്കുന്നതാണ്. രണ്ടും ഒന്നായി കൂടണം. കൎമ്മങ്ങൾ കൂടാതെയുള്ള പ്രാൎത്ഥന ചുമരും മേൽപ്പുരയും ഇല്ലാത്ത അസ്ഥിഭാരവും ശരീരമില്ലാത്ത ജീവനും ആകുന്നു. പ്രാൎത്ഥനകൂടാതെയുള്ള കൎമ്മം അസ്ഥിഭാരമില്ലാത്ത കെട്ടിടവും ആത്മാവില്ലാത്ത ദേഹവും ആകുന്നു.

ഞാൻ പറയുന്നതിന്റെ സാരം ഒരു സാധാരണമായ ഉദാഹരണം കൊണ്ടു വെളിവാകുമെന്നു വിശ്വസിക്കുന്നു. നാം ഒരു വിഷയത്തെ പഠിക്കുമ്പോൾ അതിലുള്ള സാമാന്യ വിധികളെ നല്ലവണ്ണം മനസ്സിലാക്കുവാനാണ ശീലിക്കുന്നതു. അവയെ ദൃഢമായി ഗ്രഹിച്ചിട്ടില്ലെങ്കിൽ ആ വിഷയത്തിൽ അടങ്ങിയ പ്രത്യേക സംഗതികളെയും, യഥാൎത്ഥകാൎയ്യങ്ങളേയും സൂക്ഷ്മമായി ഗ്രഹിപ്പാൻ നമുക്ക കഴികയില്ല. ജ്യോതിശ്ശാസ്ത്രം (ക്ഷേത്രഗണിതം) തുടങ്ങുന്നതു ചില സാമാന്യവിധികളെ കൊണ്ടാണ. ഇവകളെ ആ ശാസ്ത്ര സംബന്ധമായ ഗണിതങ്ങൾ നടത്തുവാൻ നാം ഉപയോഗിക്കുന്നു. ഒരു അന്യായം നടത്തുന്ന വക്കീൽ ഓരോ സംഗതികൾ ആരാഞ്ഞറിയുന്നതു ധൎമ്മശാസ്ത്ര സംബന്ധമായ ചില സാമാന്യവിധികൾ ആ സംഗതികളോടു യോജിപ്പിക്കുവാനാണ. യഥാൎത്ഥത്തിൽ സത്യവും സ്നേഹവും തന്നെയാകുന്നു ദൈവം ഈ തത്വം ഏതൊരു ശാസ്ത്രത്തിന്റെ സാമാന്യ വിധിയാകുന്നുവൊ ആ ശാസ്ത്രമാകുന്നു ജീവിതം. ആ സാമാന്യവിധിയെ ജീവിതത്തിൽ നിത്യാനുഭവമായ്വരുന്ന പ്രത്യേക സംഗതികളോടു യോജിപ്പിക്കുന്ന കാൎയ്യത്തിൽ ആ വിധിയെ സദാ സ്മരിക്കുകയും പുനരാലോചന ചെയ്തു അതിനെ കരസ്ഥമാക്കുകയും ചെയ്യുന്നതാണ പ്രാൎത്ഥന. മറ്റൊന്നുമല്ല.

ജീവിതത്തിലെ കാൎയ്യമായ സംഗതികളെ ഉൽകൃഷ്ട പദവിയിൽ നിന്നും പൎയ്യാലോചന ചെയ്യുകയാകുന്നു പ്രാൎത്ഥന എന്നാണ് "എമെർസൻ"(Emerson) പറയുന്നതു. ആ ഉൽകൃഷ്ട പദവിയെ പ്രാൎത്ഥനാദ്വാരാ ധ്യാനിച്ച് മനോദൃഷ്ടിയിൽ നിൎത്താതിരുന്നാൽ അതു നമ്മുടെ ദൃഷ്ടിയിൽ നിന്നു നിസ്സംശയം മങ്ങിമറഞ്ഞുപോകുന്നതാണ്. നാം ദിവസംപ്രതി മരിക്കുന്നുണ്ട് ദിവസം തോറും നവീകരിക്കപ്പെടുന്നുണ്ട് എന്നത്രെ "സെൻറപോൾ" പറയുന്നതു. നമുക്ക ഓരോരുത്തൎക്കും ഓരോ ദിവസവും ഉള്ളതു ജീവന്റെ പുനരുത്ഥാനമായിട്ടാകുന്നു. ഉൽകൃഷ്ടമായ പ്രാപ്യസ്ഥാനം പുരോഭാഗത്തു നിൎത്തിയുംകൊണ്ടുള്ള ഊൎദ്ധ്വഗതിയാകുന്നു ജീവിതം. നാം ആരോഹിക്കുമ്പോൾ ആ പ്രാപ്യസ്ഥാനം സദാ ദൃഷ്ടിയിൽതന്നെ നിൎത്തണം. ദൈവം നമ്മുടെ പ്രാപ്യസ്ഥാനവും നമുക്ക നിന്നുനോക്കാനുള്ള ഏറ്റവും ഉയൎന്ന പദവിയും ആകുന്നു. (തുടരും)

## പ്രത്യക്ഷപത്രം

തിയ്യമഹാജനത്തിന്ന

(ശ്രീമാൻ പോത്തേരി കുഞ്ഞമ്പു അവർകൾ.)

ദൈവത്തിൽ ഭക്തിയും, വിശ്വാസവും ഉണ്ടാക്കുന്നതും വൎദ്ധിപ്പിക്കുന്നതും സദാചാരങ്ങളിൽ തല്പരത ഉണ്ടാക്കുന്നതും പൊതുവായ അനേകം ജ്ഞാനങ്ങളെ നൽകുന്നതും ആയ അനവധി ഗ്രന്ഥങ്ങൾ ഗദ്യരൂപമായും പദ്യരൂപമായും റഷ്യാഭാഷയിൽ എഴുതപ്പെട്ടിട്ടുണ്ടെന്നും എന്നാൽ ആ ഭാഷ പഠിച്ചു ആ ഭാഷയുടെ ശരിയായ ഉച്ചാരണപ്രകാരം റഷ്യാദേശീയരുടെ ഉച്ചാരണത്തിൽനിന്നു അശേഷം പിഴയാതെ ആ വക സ്തോത്രങ്ങളും പാട്ടുകളും ഉച്ചരിച്ചല്ലാതെ അതുകൾക്ക ഫലമില്ലെന്നും ഉച്ചാരണം പിഴച്ചു ചെയ്യുന്ന പ്രാൎത്ഥനകൾ ദൈവം കേൾക്കുകയില്ലെന്നും സ്വീകരിക്കുകയില്ലെന്നും ഒരാൾ ഗൌരവമായി പറയുന്നതായാൽ ഇവൻ വിഡ്ഢിത്വം പറയുന്നു എന്നു മാത്രമെ ഒരു വിധം വിവരമുള്ള ആളുകൾ വിചാരിക്കയുള്ളു. ഒരു ഭാഷയുടെ ഉച്ചാരണത്തിലും സ്വരത്തിലും ദൈവത്തിന്നു ഇത്ര പിടുത്തം ഉണ്ടാവാൻ പാടില്ല. ഏതു ഭാഷയും ദൈവത്തിന്റെ ഭാഷയാണ്.

എന്നുമാത്രമല്ല, യോഗീശ്വരന്മാരായിട്ടുള്ളവര് ദൈവവചനം പറയുമ്പോൾ ആ സദസ്സിൽ കൂടീട്ടുള്ള സകല ഭാഷക്കാൎക്കും അവരവരുടെ ഭാഷയിൽ എന്നപോലെ മനസ്സിലാകുന്നു എന്നു കേൾക്കുന്നു. ഇതിന്നും പുറമെ, ഭാഷ ശബ്ദം മാത്രമാണ്. മനസ്സിലുള്ള വിചാരത്തെ പുറത്തുകൊണ്ടുവന്നു മറ്റുള്ള ആളുകളെ അറിയിപ്പാൻ ഉപകരിക്കുന്ന ഒരു ഉപകരണം മാത്രമാണ ഭാഷ.

ഹൃദിസ്ഥനായ ദൈവത്തിന്ന ശബ്ദത്തെക്കാൾ പ്രധാനം വിചാരം അഥവാ ധ്യാനം ആകുന്നു. ശബ്ദം പ്രകാശിപ്പിക്കാതെ മനസ്സുകൊണ്ടു ദൈവത്തിനെപറ്റി ധ്യാനം ചെയ്യാവുന്നതും സ്തോത്രം ചെയ്യാവുന്നതും ആണ്.

ഈ ന്യായത്തിന്ന പ്രത്യക്ഷവിരോധമായിട്ടുള്ളതാണ പദത്തിലും സ്വരത്തിലുമാണ ആത്മീകകാൎയ്യത്തിൽ പ്രാധാന്യത ഇരിക്കുന്നതു എന്നു പറയുന്നത. റഷ്യാഭാഷയിൽതന്നെ ഈശ്വരസ്തോത്രം ചെയ്യേണമെന്നു ശഠിക്കുംപോലെയാണ പഴയ സംസ്കൃതഭാഷയിൽ ചൊല്ലപ്പെട്ട ബ്രാഹ്മണരുടെ വേദങ്ങൾ അക്ഷരത്തിലൊ, സ്വരത്തിലൊ, രീതിയിലൊ പിഴവരാതെ ഉച്ചരിച്ചല്ലാതെ ഈശ്വരപദം സാധിക്കുന്നതല്ലെന്നും വേദങ്ങളാണ സ്വൎഗ്ഗത്തിന്റെ താക്കോലെന്നും ആ താക്കോൽ തങ്ങൾ ആൎക്കും വിട്ടുകൊടുക്കുകയില്ലെന്നും ബ്രാഹ്മണര് ഭാവിക്കുന്നത്. അങ്ങിനെ അവര് ഭാവിക്കുന്നതിന്നും ബ്രാഹ്മണേതരന്മാരായ ഹിന്തുക്കൾ അവരെ അതിന്ന ശകാരിക്കുന്നതിന്നും യാതൊരു ന്യായവുമില്ല. രണ്ടുകൂട്ടരും ഒരുപോലെ കുറ്റക്കാരാണ. പഴയ സംസ്കൃതവും അതിലുള്ള വേദങ്ങളും ബ്രാഹ്മണരതന്നെ വെച്ചുകൊണ്ടിരിക്കട്ടെ. അതുകൊണ്ടു മറ്റുള്ളവൎക്ക ഒരു ചേതവും വരാൻ പാടില്ല. എന്നു മാത്രമല്ല



സംസ്കരിക്കപ്പെട്ട പുതിയ സംസ്കൃതവും അതിൽ അധികമായ പഴയ സംസ്കൃതവും അനേക ശതവൎഷങ്ങളായി മൃതഭാഷയായി പോയതിനാൽ അതിന്റെ ജ്ഞാനമില്ലെങ്കിൽ ലോകകാൎയ്യം നിവൎത്തിക്കുന്നതിന്ന നമുക്ക യാതൊരു തടസ്ഥവും വരാനില്ല. ഭഗവൽഗീതാകൎത്താവുതന്നെ ബ്രാഹ്മണരുടെ വേദങ്ങളെ അത്ര വകവെച്ചിട്ടില്ലെന്നു ഗീതയിൽ പലദിക്കിലും സൂചിപ്പിച്ചിട്ടുണ്ട്. "ജിജ്ഞാസുരപിയോഗസ്യ ശബ്ദബ്രഹ്മാതിവൎത്തതെ" എന്നു പ്രത്യേകിച്ചും ഉണ്ടല്ലൊ. (ഗീത VI. 44.)

ഹിന്തുമതത്തിൽ പ്രധാനമായ സ്ഥാനത്തെ പിടിച്ചു നില്ക്കുന്നത് ഋഗ്വേദം മുതലായ വേദങ്ങളാണ്. സദാചാരപ്രമാണങ്ങൾ അല്പമൊന്നുമല്ല ഹിന്തുമതഗ്രന്ഥങ്ങളിൽ ഉള്ളതു. പക്ഷെ ആ പ്രമാണങ്ങളൊന്നും നടപ്പിൽ അത്ര വകവെക്കാറില്ല. അനേകനൂറ്റാണ്ടുകളായി വേരൂന്നികിടക്കുന്ന ജാത്യാചാരങ്ങളാണ ഒഴിച്ചുകൂടാതെകണ്ടിരിക്കുന്ന അവസ്ഥ. ഹിന്തുമതവും ജാത്യാചാരവും ഒന്നിൽനിന്ന മറ്റേതിനെ വേർപെടുത്താൻ പാടില്ലാത്ത വിധത്തിൽ അത്ര കലൎന്നു കിടക്കുന്നു. ആ കലൎപ്പിൽ പുറത്തേക്ക ഏറ്റവും തുറിച്ചു നില്ക്കുന്നത സാമുദായിക കാൎയ്യങ്ങളിലും ആത്മിക കാൎയ്യങ്ങളിലും പ്രധാന സ്ഥാനം വഹിച്ചു നില്ക്കുന്നവൻ ബ്രാഹ്മണനാണെന്നും മറ്റുള്ള ഹിന്തുക്കളെല്ലാം അവനെ തൊട്ടാലൊ തീണ്ടിയാലൊ അവൻ അശുദ്ധമായി പോകുമെന്നും ഉള്ള അവസ്ഥയാകുന്നു. ബ്രാഹ്മണരെ സംബന്ധിച്ചേടത്തോളമുള്ള ഈ ശുദ്ധാശുദ്ധവിചാരം സ്ഥിരപ്പെട്ടു നില്ക്കേണ്ടതിന്ന വേണ്ടി സകല ജാതികളിലും തമ്മിൽ തമ്മിൽ മഹാകഷ്ടമായ ഈ വിചാരത്തെ ഉണ്ടാക്കി നിലനിൎത്തി പോന്നിരിക്കുന്നു. നിങ്ങൾ മതംകൊണ്ടു ആരാണെന്ന ചോദ്യത്തിന്നു ഹിന്തുവാണെന്നു സമ്മതിച്ചത പരമാൎത്ഥമാണെങ്കിൽ ബ്രാഹ്മണന്നു താഴെയുള്ള ഒരുപദം കണ്ടുപിടിച്ചു അതിൽ പററികൂടാൻ ശ്രമിച്ചുകൊള്ളണം. അങ്ങിനെ ഒരു സ്ഥലം കിട്ടിയാൽതന്നെ അവിടെനിന്നു പൊറുക്കാനുള്ള വിഷമം അല്പമൊന്നുമല്ല. ഈ വിഷയങ്ങൾ തീൎക്കാൻ അനേക പരിഷ്കാരങ്ങൾ ശ്രമിച്ചു പോരുന്നുണ്ട്. എന്തുപരിഷ്കാരം ഉണ്ടാക്കിയാലും സദാചാരം, ജ്ഞാനം, ധനം, കൎമ്മകൌശലം ഇതുകളിൽ ഏതെങ്കിലും ഒരു ജാതി ഒരു ബ്രാഹ്മണനെ അതിക്രമിച്ചാൽ കൂടി അവൻ താണവനും അടിയനും തന്നെ. അവന്നു ഒരു ഇഞ്ച് കയററം സാമുദായിക കാൎയ്യത്തിൽ കിട്ടുന്നതല്ല. അടുത്ത കാലത്തുണ്ടായ ഒരു ദൃഷ്ടാന്തം ഇവിടെ എടുത്തു പറയാം. ദിവ്യനും, മഹാമനസ്കനും, വലരെട്ടരം കാരണവനും ആയ നാണു ആശാൻ അവർകൾ കേവലം തിയ്യരോടുള്ള അനുകമ്പ നിമിത്തം ക്ഷേത്രനിൎമ്മാണം തുടങ്ങി. ഇതുകൊണ്ടു ഉയൎന്ന ജാതികളെ അപേക്ഷിച്ചു യാതൊരു ഉയൎച്ചയും സാമുദായിക കാൎയ്യത്തിൽ തിയ്യൎക്ക ഉണ്ടായിട്ടില്ല. ഉണ്ടാകുന്നതുമല്ല. ഈ സങ്കടങ്ങൾക്ക ഒക്കെയും ഹേതുഭൂതമായി നില്ക്കുന്ന പിഴ എവിടെയാണ എന്നു അന്വേഷിക്കേണ്ട കാൎയ്യമാണ്. എന്റെ അഭിപ്രായത്തിൽ ആ പിഴ കിടക്കുന്നതു തിയ്യര ഹിന്തുക്കളാണെന്നു സമ്മതിക്കുന്നതിലാണ. തിയ്യൻ ഹിന്തുവാണെന്നു സമ്മതിക്കുന്ന നിമിഷത്തിൽ ബ്രാഹ്മണൻ മേധാവിയായി നില്ക്കുന്ന ജാത്യാചാരങ്ങൾ അവനെ പിടികൂടി കഴിഞ്ഞു. അവൻ എത്രതന്നെ പഠിച്ചാലും നിലവിളിച്ചാലും ആ ചങ്ങല പൊട്ടിക്കുവാൻ കഴികയില്ല. അതുകൊണ്ടു ഈ ലോകത്ത ഈ കഷ്ടങ്ങളിൽ നിന്നു വല്ല മുക്തിയേയും ആശിക്കുന്നുണ്ടെങ്കിൽ തിയ്യൻ ഹിന്തുവാണെന്നു സമ്മതിക്കാതെ ഇരിക്കവേണം. ഈ ഘട്ടത്തിൽ ചില പ്രയാസമുള്ള ചോദ്യങ്ങൾക്ക അവകാശമുണ്ട്. ജോൎജ്ജ ചക്രവൎത്തി അവർകളുടെ കയ്യിൽ നിന്നു ഒരു ഗ്ലാസ്സ വെള്ളം എത്രനീചനായ ബ്രാഹ്മണൻ പോലും വാങ്ങി കുടിക്കയില്ല. അഥവാ, ചക്രവൎത്തി അവർകളേയും, ജനസാമാന്യത്തെയും പേടിച്ചിട്ടോ ബോദ്ധ്യപ്പെടുത്തേണ്ടതിന്നു വേണ്ടിയോ ചക്രവൎത്തി അവർകളുടെ കയ്യിൽനിന്നു ഒരു ബ്രാഹ്മണൻ വെള്ളം വാങ്ങി കുടിച്ചു എങ്കിലും അവൻ അവന്റെ ഗൃഹത്തിൽ മടങ്ങിയെത്തിയ ഉടനെ ശുദ്ധമന്ത്രമാണെന്നു പറയപ്പെടുന്ന മന്ത്രം ജപിച്ചു വെള്ളം കുടിച്ചിട്ടോ തളിച്ചിട്ടോ തനിക്ക വന്നെത്തീട്ടുള്ള അശുദ്ധിയെ നീക്കം ചെയ്യും. അങ്ങിനെ ഒന്നും ഇല്ലയെങ്കിൽ തന്നെ ആ വെള്ളം തന്റെ അഛന്റെ ശ്രാദ്ധത്തിന്ന ഒരുകാലവും ഉപയോഗിക്കുന്നതല്ല; നിശ്ചയം. കാരണം:—മൃതനായ അഛന്ന അശുദ്ധിവന്നു പോയെങ്കിൽ അതു നീക്കുന്നതു വളരെ എളുപ്പമല്ല. അശുദ്ധി ശരീരത്തിന്നോ ആത്മാവിന്നോ എന്നു ആരും ചോദിപ്പാൻ ആവശ്യമില്ല.

ജാത്യാചാരം മുഴുവൻ കളവിന്മേൽ സ്ഥാപിച്ചതായതുകൊണ്ടു മിക്ക കാൎയ്യത്തിന്നും നേരായ ഉത്തരം കിട്ടുവാൻ ആഗ്രഹിക്കേണ്ട. ബ്രാഹ്മണൎക്ക ശുദ്ധാശുദ്ധകാൎയ്യങ്ങളിൽ ഇത്ര പിടുത്തമുള്ള അവസ്ഥക്ക മേല്പറഞ്ഞ ദൃഷ്ടാന്തം നോക്കിയാൽ തിയ്യൻ ഹിന്തുവല്ലഎന്നു പറയുന്നതുകൊണ്ടു എന്താണ ഒരു പ്രയോജനം എന്നു ചോദിച്ചേക്കാം.

മുസൽമാൻ, ക്രിസ്ത്യൻ, പാർസി, യഹൂദൻ മുതലായ ഏതു മതക്കാരേയും യൂറോപ്പ്, അമേരിക്ക ആഫ്രിക്ക, ചൈന ജാപ്പാൻ മുതലായ ഏതു രാജ്യക്കാരേയും ബ്രാഹ്മണൻ തൊട്ടുപോയെങ്കിൽ അവൻ അശുദ്ധനാണെന്നു ഭാവിക്കുന്നുവല്ലൊ. അതുകൊണ്ടു തിയ്യൻ ഹിന്തുവാണെന്നു വാദിച്ചാൽ ഫലം പണ്ടത്തേതു തന്നെയല്ലെ എന്നു വാദിച്ചേക്കാം. അതിന്നു ഞാൻ പറയുന്ന ഉത്തരം ഒരിക്കലും ഫലം പണ്ടത്തേതപോലെ അല്ല. ദൈവത്തിന്റെ മക്കളായ മററുള്ളവരെ തൊട്ടാലൊ തീണ്ടിയാലൊ താൻ അശുദ്ധമായി എന്നും തന്റെ മതം നീററിലും ചോററിലും ആണെന്നും ബ്രാഹ്മണൻ ഭാവിക്കുന്നുണ്ടെങ്കിൽ അവൻ ഭാവിച്ചുകൊള്ളട്ടെ.

അവൻ ഒരു വിഡ്ഢി നീചൻ, അവന്റെ ഈ വിഡ്ഢിത്വത്തെപറ്റി നാം വ്യസനിക്കേണ്ടതും അവന്നു സന്മാൎഗ്ഗോപദേശം ചെയ്തു നാം അവനെ നന്നാക്കേണ്ടതും ആണ്. എന്നാകുന്നു മുസൽമാൻ മുതലായവര വിചാരിച്ചുവരുന്നതു. അങ്ങിനെ വിചാരിക്കുവാൻ ജാത്യാചാരക്കെട്ടിൽ കുടുങ്ങി ഹിന്തുവിന്റെ നിലയിൽ ഇരിക്കുന്ന കാലത്തോളം ഒരു തിയ്യന്നു സാധിക്കുന്നതല്ല. ജാത്യാചാരങ്ങളെ എത്ര കാലത്തോളം സമ്മതിച്ചുവരുന്നുവൊ അത്ര കാലത്തോളം ബ്രാഹ്മണൻ ഉയൎന്നവനാണെന്നും തിയ്യൻ താണവനാണെന്നും തിയ്യൻ സമ്മതിച്ചേതീരു. അവിടെ ശഠിച്ചിട്ടു കാൎയ്യമില്ല. ആ വക ശാഠ്യം ധനനാശത്തിന്നും വ്യസനത്തിന്നും മാത്രം കൊള്ളാം. ഒരു തിയ്യൻ ഹിന്തുവല്ലെന്നു പറവാൻ ഒരുങ്ങുന്നതിനോടുകൂടി ജാത്യാചാരങ്ങളെ വലിച്ചെറിയുവാനും ഒരുങ്ങണം. എന്നാൽ മാത്രമെ ബ്രാഹ്മണനൊടു സമത്വം നേടു

വാനൊ ലൌകിക വിഷയങ്ങളിൽ ബ്രാഹ്മണനെക്കാൾ ഉയൎന്ന പദവിയെ ലഭിക്കുവാനൊ തീയ്യൻ അൎഹനായി തീരുകയുള്ളു.

തീയ്യൻ ഹിന്തുവല്ലെന്നു പറഞ്ഞാൽ അവൻെറ മതമെന്തെന്നുള്ള ചോദ്യമുണ്ടെങ്കിൽ മതം ആസ്തിക്യമതമെന്നു ഉത്തരം പറയാം. "ഏകമേവാദ്വൈതം" എന്ന പ്രമാണം മുറുകെ പിടിക്കാം. ബിംബാരാധന ഒഴിക്കെണം. അമ്പലം പൂട്ടിക്കെണം. ആസ്തികമതക്കാരായി ലോകത്തിൽ അനേക ജനസമൂഹങ്ങളുണ്ടു. അവരൊടെല്ലാവരൊടുമായിട്ടൊ ചുരുക്കം ചിലരൊടായിട്ടൊ ഐക്യതയും വിവാഹബന്ധവും ആവാം. ജ്ഞാനം, ധനം, കൎമ്മകൌശലം, സ്ഥിതി ഇതുകൾക്കനുസരിച്ചു ലോകത്തുള്ള സൎവ്വ യോഗ്യന്മാരോടും ഏറക്കുറെ തുല്യന്മാരായിരിക്കാം. ഇങ്ങിനെ ആയാൽ ഈ ലോകത്തു മുക്തിയായി. അതാണ നമുക്കു ഒന്നാമത വേണ്ടതു. മരണശേഷമുള്ള മുക്തി തനിയെ വന്നൊളും. ഇപ്പറഞ്ഞതൊക്കയും ഏറക്കുറെ മലയാളത്തിലെ നായന്മാൎക്കും മറ്റും സംബന്ധിക്കും.

മേൽപറഞ്ഞ ലേഖനം എഴുതി അവസാനിച്ചതിൻെറ ശേഷം മദിരാശി മെയിൽ എന്ന ഇംഗ്ലീഷ് ദിനപത്രത്തിൽ പഞ്ചമ വിദ്യാഭ്യാസത്തെ പറ്റിയുള്ള മദിരാശി ഗവൎമ്മേണ്ടിൻെറ റിപ്പോൎട്ട് പ്രസിദ്ധംചെയ്തതു വായിക്കാൻ എടവന്നു. സൎക്കാര പണം ചിലവുചെയ്തു നടത്തുന്ന 8000 ൽ ചില്വാനം സ്കൂളുകളിൽ 600-ൽ ചില്വാനം സ്കൂളുകളിൽമാത്രമെ പഞ്ചമന്മാൎക്കു പ്രവേശനം ഉള്ളതായി കാണുന്നുള്ളു. എല്ലാ സ്കൂളുകളിലും എല്ലാ ജാതികൾക്കും പ്രവേശനം ആവാമെന്നു ബ്രിട്ടീഷു ഗവൎമ്മേണ്ടു കല്പിച്ചിട്ടുകൂടി ജാതികെട്ടിൻെറ ശക്തികൊണ്ടു ഗവൎമ്മേണ്ടു കല്പന നിസ്സാരമാക്കിയിരിക്കുന്നു. ഇതു ദുസ്സഹമാണ് ഹിന്തുമതം! നോക്കുവിൻ!! ആലോചിക്കുവിൻ!!!

---

## പഞ്ചമന്മാരുടെ വിദ്യാഭ്യാസം.

---

പഞ്ചമന്മാരുടെ വിദ്യാഭ്യാസത്തിൽ നമ്മുടെ ഗവൎമ്മേണ്ടു സവിശേഷമായ ശ്രദ്ധ പ്രദൎശിപ്പിച്ചുവരുന്നുവെന്നതു ദേശക്ഷേമകാംക്ഷികൾക്കു ആശ്വാസാവഹംതന്നെ. മലബാറിൽ പഞ്ചമവിദ്യാഭ്യാസം ഏതൊ താണനിലയിലാണിരിക്കുന്നതു. പബ്ലിക്ക് മാനേജ്മെണ്ടിൻകീഴിൽ മലബാറിൽ 424 സ്കൂളുകൾ ഉണ്ടു എങ്കിലും ഇവയിൽ 6 സ്കൂളിൽ മാത്രമെ പഞ്ചമന്മാൎക്കു പ്രവേശനമുള്ളു. കൊച്ചി മുൻസിപ്പാലിട്ടിയിൽ രണ്ടു സ്കൂളുകളിൽ എല്ലാ ജാതിക്കാൎക്കും ചേരാമെന്നും, പക്ഷെ കൊച്ചിക്കാരായ പഞ്ചമന്മാർ സ്കൂളിൽ ചേരാൻ ആഗ്രഹിക്കുന്നില്ലെന്നും ആണ കൊച്ചി മുൻസിപ്പാൽ ചെയൎമ്മേൻ പറയുന്നതു. കണ്ണൂരിലെ കാൎയ്യമാണ പഞ്ചമന്മാരെ സംബന്ധിച്ചേടത്തോളം വളരെ ദയനീയമായിരിക്കുന്നതു. കണ്ണൂർ മുൻസിപ്പാലിട്ടിയിൽ 19 എലിമെണ്ടറി സ്കൂളുകൾ ഉണ്ടെങ്കിലും അവയിൽ ഒന്നിൽപോലും പഞ്ചമന്മാൎക്കു പ്രവേശിച്ചുകൂടെന്നും, പഞ്ചമന്മാർ പ്രവെശിച്ചാൽ ഉയൎന്ന ജാതി കുട്ടികൾ ഓടിപ്പോകുമെന്നുമാണ അറിയുന്നതു. പക്ഷെ അവിടെ ഒരു സമാധാനമുള്ളതു ഹൈ സ്കൂളിൽ 6 പുലയകുട്ടികൾ പഠിക്കുന്നുണ്ടെന്നുള്ളതാകുന്നു. ബ്രന്നൻകോളേജോടുകൂടി 17 സ്കൂളുകൾ തലശ്ശേരി മുൻസിപ്പാലിട്ടിയിലുണ്ടു ഈ എല്ലാ സ്കൂളുകളിലും പഞ്ചമന്മാരെ പ്രവേശിപ്പിച്ചു പഠിപ്പിക്കുന്നതിന്നു യാതൊരു വിരോധവുമില്ലെന്നാണ തലശ്ശേരി മുൻസിപ്പാൽ ചെയൎമ്മേൻ അഭിപ്രായപ്പെട്ടിരിക്കുന്നതു. എന്നാൽ ബ്രന്നൻകോളേജിൽ ഒരു പഞ്ചമവിദ്യാൎത്ഥി പഠിക്കുന്നുണ്ടെന്നല്ലാതെ മറ്റു യാതൊരു സ്കൂളുകളിലും ഒരു പഞ്ചമകുട്ടിപോലും ചേൎന്നു പഠിക്കുന്നില്ലെന്നു ചെയൎമ്മേൻ പറയുന്നു. കോഴിക്കോട്ടു മുൻസിപ്പാലിറ്റിയിൽ പഞ്ചമവിദ്യാശാലകൾക്കു പുറമെ 17 സ്കൂളുകൾ ഉണ്ടു ഈ 17 സ്കൂളുകളിലും പഞ്ചമന്മാൎക്കു പ്രവേശിക്കാമെന്നും, എന്നാൽ ഇവയിൽ ഒരു സ്കൂളിൽപോലും പഞ്ചമകുട്ടികൾ ചേൎന്നിട്ടില്ലെന്നും, സാമൂതിരികോളേജു മാത്രമെ പഞ്ചമന്മാരുടെ പ്രവേശനത്തെ വെറുക്കുന്നുള്ളുവെന്നും ആണ കോഴിക്കോട്ടു മുൻസിപ്പാൽ ചെയൎമ്മേൻ പറയുന്നതു. പാലക്കാട്ടു മുൻസിപ്പാലിട്ടിയിൽ ആകെ 15 സ്കൂളുകൾ ഉണ്ടെങ്കിലും ഒരു സ്കൂളിലല്ലാതെ ബാക്കി 14 സ്കൂളുകളിലും പഞ്ചമന്മാരെ പ്രവേശിപ്പിക്കുന്നതല്ല എന്നു പാലക്കാട്ടു മുൻസിപ്പാൽ ചെയൎമ്മേനും പറയുന്നു. പഞ്ചമവിദ്യാലയങ്ങൾക്കു പുറമെയുള്ള ബോൎഡ് വക സ്കൂളുകളിൽ 12 പഞ്ചമവിദ്യാൎത്ഥികൾ പഠിക്കുന്നുണ്ടു. ഇവയിൽ ഒരു ബാലിക ഉൾപ്പെടുമെന്നു ഡിസ്ട്രിക്ടുബോൎഡ് പ്രസിഡെണ്ടിൻെറ റിപ്പോൎട്ടിൽനിന്നു കാണുന്നു.

മലബാറിലെ പഞ്ചമവിദ്യാഭ്യാസത്തിൻെറ സ്ഥിതിയാണിതു. പഞ്ചമന്മാൎക്കു പ്രത്യേകമായേൎപ്പെടുത്തിയ പാഠശാലകളിൽ കുറെ പഞ്ചമവിദ്യാൎത്ഥികൾ ഉണ്ടായേക്കാമെങ്കിലും പഞ്ചമവിദ്യാഭ്യാസം വളരെ ശോചനീയ നിലയിലാണുള്ളതെന്നു മേൽപറഞ്ഞ വിവരണത്തിൽ നിന്നു വ്യക്തമാകുന്നു. മേൽകാണിച്ച കണക്കു ഗവൎമ്മേണ്ടിലേക്കു സമൎപ്പണം ചെയ്തവരെല്ലാം പഞ്ചമവിദ്യാഭ്യാസത്തെ തടുത്തു നിൎത്തുന്നതു ജാതിസ്പൎദ്ധയാണെന്നു ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടിരിക്കുന്നു. ഈ അഭിപ്രായം അത്യന്തം വാസ്തവമാണ. പഞ്ചമന്മാരുടെ പ്രവേശത്തെ ഇഷ്ടപ്പെടുന്നില്ലെങ്കിലും അതിന്നു വിരോധം ഭാവിക്കാത്ത സ്കൂളുകളിൽചേൎന്നു പഠിക്കേണ്ടതിന്നു ഗതാഗതം ചെയ്വാൻ സാധു പഞ്ചമന്മാൎക്കു ഉയൎന്നജാതിക്കാർ സൌകൎയ്യം നൽകുന്നതല്ല. മിക്ക സ്കൂളുകളും ഉയൎന്ന ജാതിക്കാരുടെ വസതികളുടെ നടുവിലാണ ഇപ്പോൾ സ്ഥിതിചെയ്യുന്നതു. ഉയൎന്ന ജാതി കുട്ടികൾ മാത്രമല്ല മാസ്റ്റൎമാർകൂടി പുലയകുട്ടികളെ സ്കൂളുകളിൽ ചേൎക്കുന്നതും അവരെ പഠിപ്പിക്കുന്നതും അവരോടു സഹവസിക്കുന്നതും ജാതിക്കു പോരാത്തതായിട്ടാണ വിചാരിക്കുന്നതു ഈ സംഗതികൾ രണ്ടും പഞ്ചമവിദ്യാഭ്യാസത്തെ ബലമായി തടയുന്നുണ്ടു. ഈ നിലക്കു പഞ്ചമവിദ്യാഭ്യാസം എങ്ങിനെയാണ നേരവരിക എന്നതു കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു. ഉയൎന്ന ജാതിക്കാൎക്കു ഉദാരമനസ്കത ഉദിച്ചു പഞ്ചമവിദ്യാഭ്യാസത്തെ അവർ അനുകൂലിക്കുമെന്നൊ ഒരിക്കലും വിചാരിച്ചുകൂടാ. ഇതുകൊണ്ടു ഗവൎമ്മേണ്ടുതന്നെ പഞ്ചമവിദ്യാലയങ്ങൾ കൂടുതലായി സ്ഥാപിക്കുവാൻ ഒരുങ്ങുകയാണ വേണ്ടതു വിദ്യാലയങ്ങളോടു സംബന്ധിച്ചുകൊണ്ടു അവരുടെ കൈത്തൊഴിലുകളെ ശീലിപ്പിക്കത്തക്കവണ്ണമുള്ള തൊഴിൽശാലകളും ഉണ്ടായിരിക്കേണം. ഈ വക പാഠശാലകളിൽ കഴിയുന്നതും ജാതിവിത്യാസമില്ലാത്തവരെ ഉപാദ്ധ്യായന്മാരായിട്ടും നിശ്ചയിക്കണം. ഈ ക്രമത്തിൽ ഗവൎമ്മേണ്ടുതന്നെ പഞ്ചമവിദ്യാഭ്യാസത്തിൽ നേരിട്ടിറങ്ങുന്നതായാൽ പഞ്ചമവിദ്യാഭ്യാസം അഭിവൃദ്ധിപ്പെടുമെന്നു ആശിക്കാവുന്നതാണ



## മലബാർ ജില്ലായോഗത്തിൻെറ 4-ാം വാൎഷിക സമ്മേളനം.

---

(സ്വന്തം ലേഖകൻ.)

6—5—19

ഈ മാസം 5-ാംനു തിങ്കളാഴ്ചയാണ് കോൺഫ്രൻസ് ആരംഭിച്ചതു. വടകര തീവണ്ടി സ്റ്റേഷ്യന്നു സമീപമുള്ള വയലിലാണു കോൺഫ്രൻസ് പന്തൽ പണിയിക്കപ്പെട്ടതു. മലബാറിൻെറ ഏതാണ്ടു ഭാഗങ്ങളിൽനിന്നു പ്രതിനിധികളായി എത്തിച്ചേൎന്നവരിൽ മിക്കവരും വന്നതു 5-ാംനു ആയിരുന്നു. 12 മണിക്കു ആരംഭിക്കേണ്ട സമ്മേളനം 1½ മണിക്കുശേഷമാണ തുടങ്ങിയതു. സ്വീകാരസംഘാധിപതിയായ രാമവൎമ്മരാജാവ അവൎകൾ 12 മണിക്കു വാദ്യഘോഷസമേതം ഹാളിൽ പ്രവേശിച്ചു പ്രസിഡെണ്ടിനെയും കാത്തിരിക്കേണ്ടിവന്നു. പ്രസിഡെണ്ടു കെ. പി രാമൻമേനോൻ അവൎകൾ സുമാർ ഒരു മണിക്കു ശേഷമാണ അനുയായികളോടും വാദ്യഘോഷാലങ്കാരങ്ങളോടുംകൂടി പന്തലിൽ എത്തിച്ചേൎന്നതു പ്രസിഡെണ്ടിൻെറ വരവിനെ പ്രതിക്ഷിച്ചു ജനങ്ങൾ കുറെയൊക്കെ മുഷിഞ്ഞിരുന്നു പ്ലാറ്റ്ഫാറത്തിൽ ആസനസ്ഥരായവർ മെസ്സൎസ്സ് സി. വി. നാരായണമെനൊൻ, എൻ. എ. സുബ്ബരാമ അയ്യർ, കെ എസ്സ്. മേനൊൻ, വി. എം. ആറ്റക്കോയത്തങ്ങൾ മുതൽ പേരായിരുന്നു. ഏതാനും, നായർസ്ത്രീകളും ബ്രാഹ്മണികളും സഭയിൽ ചേൎന്നിരുന്നു. അതു ഭരണ വിഷയത്തിൽ വടകരയിലുള്ള സ്ത്രീകളുടെ സഹകാരിതയെക്കൂടി സൂചിപ്പിക്കാനായിരിക്കാം. ഏതായാലും പ്രശംസനീയം തന്നെ.

ഒന്നാമതായി സ്വീകാരസംഘാദ്ധ്യക്ഷൻെറ പ്രസംഗമായിരുന്നു നടന്നതു. സ്വീകാരസംഘാധിപനായ മിസ്റ്റർ ഇ. കെ രാമവൎമ്മരാജാ തൻെറ പ്രസംഗത്തിൽ ഭരണപരിഷ്കാരം അവശ്യം ആവശ്യമാണെന്നും, അതുണ്ടായാൽ ഇതരപരിഷ്കാരങ്ങൾ അതിനെ നിഷ്പ്രയാസം പിന്തുടരുമെന്നും പ്രസ്താവിച്ചു. ഈ പ്രസംഗം ഇംഗ്ലീഷിലാണ തെയ്യാറാക്കിയിരുന്നുവെങ്കിലും ഭൂരിപക്ഷം സഭ്യരുടെ ആവശ്യപ്രകാരം മലയാളത്തിലുള്ളതാണ സഭയിൽ വെച്ചു വായിച്ചതു

തദനന്തരം മങ്കട ഉദയവൎമ്മ രാജാവ് അവൎകൾ അഭിപ്രായപ്പെട്ടതിനെ മിസെസ്സ് വി. കുഞ്ഞികൃഷ്ണൻനായർ, പി, അച്ചുതൻ മുതലായവർ പിൻതാങ്ങിയതിന്നനുസരിച്ചു മിസ്റ്റർ രാമൻമേനോൻ അദ്ധ്യക്ഷപീഠത്തെ അലങ്കരിച്ചു. തൻെറ അദ്ധ്യക്ഷപ്രസംഗം വായിക്കയുണ്ടായി ഇദ്ദേഹം മലയാളത്തിൽ തെയ്യാർചെയ്ത പ്രസംഗമായിരുന്നു സഭയിൽ വായിച്ചതു. അദ്ധ്യക്ഷപ്രസംഗത്തിൽ ഇന്ത്യയിലെ ഇപ്പോഴത്തെ ഭരണക്രമം ഈ കാലത്തിന്നും ഇപ്പോഴത്തെ സ്ഥിതിക്കും യോജിച്ചതല്ലെന്നും ജനപ്രതിനിധികൾമൂലം നടത്തുന്ന ഭരണ സമ്പ്രദായമാണാവശ്യമെന്നും പ്രസ്താവിക്കയുണ്ടായി മൊണ്ടെഗുചെംസ്ഫൊഡ് റിപ്പോൎട്ട് തൃപ്തികരമല്ലെന്നും ആ റിപ്പോൎട്ട്പ്രകാരം ജനങ്ങൾക്കു പ്രധാന കാൎയ്യങ്ങളിലൊന്നും പ്രവേശനംസിദ്ധിക്കുന്നില്ലെന്നും ഗവൎമ്മേണ്ടു ഇന്ത്യക്കാരെ വിശ്വസിക്കുന്നില്ലെന്നു ആ റിപ്പോൎട്ടുകൊണ്ടു തെളിയുന്നുഎന്നുംകൂടെ പ്രസ്താവിച്ചിരുന്നു. റൌളററാക്ട് അനാവശ്യമായതും ജനസ്വാതന്ത്ര്യത്തെ ധ്വംസിക്കുന്നതാണെന്നും വിവരിച്ചതിന്നു പുറമെ ഭരണപരിഷ്കാരങ്ങൾ നടപ്പിൽ വരുത്തുന്നതിൽ കാണിക്കുന്ന കാലവിളംബത്തെപ്പറ്റി പ്രബലമാംവണ്ണം പ്രസംഗിക്കയും ചെയ്തു എതാനും ചില അരാജകകക്ഷിക്കാർ ഇന്ത്യയിലുണ്ടെന്നതിനെപ്രമാണിച്ചു റൌളററബിൽ പാസ്സാക്കി കഴിഞ്ഞു എങ്കിലും അരാജകകക്ഷികളെക്കാളും എത്രയൊ ആയിരം മടങ്ങു അധികമുള്ള ഇന്ത്യയിലെ ജനങ്ങൾ ആവശ്യപ്പെടുന്ന ഭരണപരിഷ്കാരബിൽ ഇനിയും ആലോചനാ വിഷയമായിട്ടെ ഇരിക്കുന്നുള്ളു എന്നും പ്രസിഡെണ്ടവൎകൾപ്രസ്താവിച്ചു. ഇപ്പോഴത്തെ ആഹാരസാധന ദൌൎല്ലഭ്യത്തെപറ്റിയും അതിന്നു ഉടനടി ഗവൎമ്മേണ്ടു നിവാരണമാൎഗ്ഗം കണ്ടുപിടിക്കേണ്ട ആവശ്യത്തെപറ്റിയും ഇദ്ദേഹം പറഞ്ഞിരുന്നു. അദ്ധ്യക്ഷപ്രസംഗത്തിന്നു ശേഷം തല്ക്കാലത്തേക്കു സഭ പിരിയുകയും നാലരമണിക്കു രണ്ടാമതും കൂടുകയും അടുത്ത ദിവസം കോൺഫ്രൻസിൽ കൊണ്ടുവരേണ്ട വിഷയങ്ങളെ ആലോചനക്കെടുക്കുകയും ചെയ്തു. പല വിഷയങ്ങളെപറ്റിയും രാത്രി 8 മണിവരെ പ്രമാദമായ വാദപ്രതിവാദം സഭയിൽവെച്ചു നടന്നിരുന്നു. മരുമക്കത്തായത്തറവാട്ടുകൾക്കു ഭാഗിപ്പാനുള്ള അവകാശം വേണമെന്നുള്ളതിനെ പറ്റിയും, സത്യാഗ്രഹപ്രക്ഷോഭണത്തെ പറ്റിയും നടന്ന ഭിന്നാഭിപ്രായ ബഹുലമായ വാദപ്രതിവാദമാണ എല്ലാററിലും മീതെ കേമമായിരുന്നതു. സത്യാഗ്രഹസംബന്ധമായ അഭിനന്ദനത്തെ കഠിനമായെതിൎത്തത ബ്രഹ്മവിദ്യാ സംഘക്കാരായ കുറെ പേരായിരുന്നു. അവരുടെ എതിൎപ്പിനെ അഗണ്യമാക്കിക്കൊണ്ടു സത്യാഗ്രഹത്തേയും, തൽപ്രവൎത്തകനായ മിസ്റ്റർ ഗാന്ധിയേയും അഭിനന്ദിക്കയും അദ്ദേഹത്തെ സഹായിക്കയും വേണമെന്നു സഭ ഐകകണ്ഠ്യേന പാസ്സാക്കുകയാണ് ഒടുവിലുണ്ടായതു.

### മലബാറിനെ സംബന്ധിക്കുന്ന തീൎച്ചകൾ.

മലബാറിൽ ഒരു ഒന്നാംക്ലാസ്സ കോളേജ ഏൎപ്പെടുത്തേണ്ടതിന്നു വളരെ കാലമായി ജനങ്ങൾ ആവശ്യപ്പെട്ടുവരുന്ന ഒരു കാൎയ്യമാണെന്ന ഭരണകൎത്താക്കന്മാരുടെ ശ്രദ്ധക്കു വിഷയമാകേണമെന്ന സഭ അഭിപ്രായപ്പെടുകയും മേല്പടി ആവശ്യത്തെ നിറവേറേണ്ടതിന്നു വേണ്ടുന്ന ഏൎപ്പാടുകൾ ചെയ്വാനായി ബലമായി ആവശ്യപ്പെടുകയും ചെയ്യുന്നു.

മലബാറിൽ ഇപ്പോൾ നടന്നുവരുന്ന സംബന്ധം സാധുകരിക്കേണ്ടതിന്നും, തറവാട്ടുസ്വത്തുക്കളുടെ മാനേജമെണ്ടും അനുഭവവും ഇപ്പോഴത്തെക്കാൾ തൃപ്തികരമായ സ്ഥിതിയിൽ കൊണ്ടുവരുവാനും, ഉതകത്തക്ക നിയമങ്ങൾ പാസ്സാക്കേണ്ടത ആവശ്യമാണെന്നു ഈ സഭ അഭിപ്രായപ്പെടുന്നു. നമ്പൂതിരിമാരും ബ്രാഹ്മണരും നായർതറവാടുകളിൽ സംബന്ധം ചെയ്യുന്നതായാൽ അവരുടെ ഭാൎയ്യാസന്താനങ്ങൾക്കു മറ്റുള്ളവരെപ്പോലെതന്നെ ഭൎത്താവിൻെറയും പിതാവിൻെറയും സ്വത്തിന്നവകാശമുണ്ടായിരിക്കേണ്ടതാകുന്നു. മേൽപറഞ്ഞ ഉദ്ദേശങ്ങളെ നിറവേററുവാൻ ഒരു ബിൽ നിയമനിൎമ്മാണസഭയിൽ കൊണ്ടുവരുവാൻ അടുത്തുണ്ടാവാൻപോകുന്ന തിരഞ്ഞെടുപ്പിൽ വിജയിയായിത്തീരുന്ന മെമ്പർ വേണ്ടുന്ന ശ്രമങ്ങൾ ചെയ്വാനായി ഈ സഭ ആവശ്യപ്പെടുന്നു

പ്രാഥമിക വിദ്യാഭ്യാസം സൌജന്യമായി ഈ ജില്ലയിൽ അടുത്ത കാലത്തു നൽകപ്പെടേണ്ടതാണെന്നും മേല്പടി വിദ്യാഭ്യാസത്തെ മുൻസിപ്പാലിട്ടിയും യൂനിയനും ഉള്ള സ്ഥലങ്ങളിൽ നിൎബ്ബന്ധമായും സൌജന്യമായും നൽകുവാൻ വേണ്ടുന്ന ഏൎപ്പാടുകൾ ഉടനെ ചെയ്യേണ്ടതാണെന്നും ഈ സഭ അഭിപ്രായപ്പെടുന്നു.

ഈ ജില്ലയിൽ പരസ്പരസഹായസംഘം നിലനിൎത്തേണ്ടുന്ന കാൎയ്യത്തെപ്പററി വേണ്ടുന്ന ഏൎപ്പാടുകൾ ചെയ്യേണ്ടുന്നത അത്യാവശ്യമാണെന്നും ഇപ്പോൾ നിലവിലുള്ള സംഘങ്ങൾക്കു വേണ്ടുന്ന ധനസഹായം ചെയ്തു നവീനരീതിയിൽ പുതിയ സംഘങ്ങൾ ഏൎപ്പെടുത്തിയും വേണ്ടുന്ന സഹായം ചെയ്യേണമെന്നും പൊതുജനങ്ങളോടു ഈ സഭ ബലമായി ആവശ്യപ്പെടുന്നു. (ശേഷം വരുന്ന പത്രത്തിൽ)

## നോട്ടീസ്സ്

ബ്രാഹ്മമതസ്ഥനായ ഒരു മാന്യനു, വിവാഹംചെയ്യാൻ ഒരു യുവതിയെ ആവശ്യമുണ്ട്- 16 മുതൽ 22 വരെയുള്ള ഏതു പ്രായമായാലും തരക്കേടില്ല - ഇംഗ്ലീഷ സംസാരിക്കാൻ അറിഞ്ഞിരുന്നാൽ നന്നു- താഴെ പറയുന്ന ആളോടാവശ്യപ്പെട്ടാൽ അധികവിവരം അറിയാവുന്നതാണ. എല്ലാ എഴുത്തുകളും സ്വകാര്യനിലയിൽ വെക്കുന്നതാണ.

പത്രാധിപർ, മാൎഗ്ഗദൎശി.
കോഴിക്കോട്.


# മാൎഗ്ഗദൎശി

*FRIDAY, 9th MAY 1919*


## A perverted point of view.

Mr. E. K. Ramavarma Raja, in his address as the President of the Reception Committee the Malabar District Conference referred to certain people as "abject selfseekers and political perverts." Perhaps he would include us in that class, for we do not see eye-to-eye with him in all his views. We cannot claim to be on the same high altruistic level as Mr. Raja and we do suffer from some mental affection from which Mr. Raja and his collegues seem to be free. This mental disease that we suffer from is an unusual tendency to look at things from the point of view of the people of India, a tendency to love freedom, a tendency to like progress. It is no wonder that we are characterised as perverts, for these things are extremely uncommon. In this brief article we intend to exhibit one aspect of our perversion.

Mr. K. P. Raman Menon in his Presidential address drew a striking comparison between the speed at which the Rowlett Bills were rushed through the Legislative Councils and the dilatory proceedings connected with the inception of political reforms in India. This is quite true. And the reason is to be found mainly in the fact that most people belong to that class of "self seekers" mentioned by Mr. Raja,—whether they are abject or not. But one unpalatable fact which Mr. Raman Menon fails to see and the perception of which is no doubt due to our perversion is that this unwillingness to surrender unjust privileges is no less a characteristic of Indians than of Englishmen.

Look at the tremendous energy with which the leaders of Malabar in conference assembled demand political reforms which mean power and privilege for themselves. Look on the other hand at the half hearted way in which they talk of social questions which mean surrender of the unjust previleges which they themselves enjoy. A comparison will, we are afraid redouned to the credit of the British Government. For the British Government is at least talking of giving some rights to Indians. What have the caste leaders of India done? And whose oppression is greater—that of the British Government or of the caste system? Whose speed of progress is greater—that of the British Government or of the caste-leaders?

To talk of justice is undoubtedly a sign of perversion. But as we are hopelessly perverted we cannot help doing so. There are sixty million human beings in this country, who being born men are denied all the rights of humanity, who are denied rights that are freely accorded to brutes. Why did not this conference resolve that no man or woman should be admitted as a delegate who still believed in being polluted by the approach or touch of other human beings? Mr. K. P. Raman Menon was very indignant about the urgent claims of the "educated" classes of India not being embodied in legislation for a year and a half. For how many centuries have the tears and wails of the depressed classes failed to move your hardened hearts? Our perverted view is that such a conference has no right to ask for freedom of the country. Who is this Mr. Raja who denounces other people's self seeking ways and abject behaviour? Is he not an abject slave of the caste and of Brahmins? Has he the moral courage to give up even the silliest ideas about pollution?

Let us not be misunderstood. We hold no brief for the British Government. Our opinion is the present political struggle in India is a purely caste struggle. Two high castes, one black and the other white—are fighting for power and privilege. The rule of the white Brahmans is in no way are ideal rule. We are only afraid that the rule of the Black Brahman will be worse. Whoever wins, the people of India will gain nothing. If any man thinks that either the White Brahman or the Black Brahman will up-hold the real interests of the Indian people when their selfish interests are opposed to these, he is deluded. The people must work out their own salvation without much help from either class of Brahmins.

---

സമാധാന മഹായോഗം—

സന്ധികരാർ ഇപ്പഴിപ്പോൾ ഒപ്പിട്ടുമെന്നു ലോകമൊക്കെ ഒരുപോലെ ആശിച്ചുകൊണ്ടിരിക്കുന്ന ഒരു സമയമാണിതു. എങ്കിലും സമാധാനയോഗത്തിൽ ഗൌരവങ്ങളായ ചില അഭിപ്രായവ്യത്യാസങ്ങൾ ചില രാജ്യക്കാൎക്കുണ്ടായിരിക്കുന്നു എന്നാണ കമ്പിവാൎത്തകളിൽ നിന്നു പ്രത്യക്ഷപ്പെടുന്നതു- ഇറ്റലിയും, അമേരിക്കയും തമ്മിലാണ ഒരു ഇടച്ചൽ ഉണ്ടായിരിക്കുന്നതു- 1915 ലെ ഒരു നിശ്ചയപ്രകാരം ഫിയുംപട്ടണം ഇറ്റലിക്കു കൊടുക്കാമെന്നു ഇംഗ്ലീഷുകാരും പരന്ത്രീസ്സുകാരും സമ്മതിച്ചിട്ടുണ്ടായിരുന്നു- എന്നാൽ അമേരിക്ക ഇപ്പോൾ പറയുന്നതു ആ പട്ടണം യുഗോസ്ലാവു എന്നു പുതുതായി ഏൎപ്പെടുത്തിയ രാജ്യത്തിന്നു കൊടുക്കേണമെന്നാണ. പക്ഷെ ഇറ്റലി ഈ അഭിപ്രായത്തെ മുൻതീൎപ്പിനെ അനുസരിച്ചു നിരസിക്കയും ചെയ്തിരിക്കുന്നു. ഇംഗ്ലീഷുകാരും, പരന്ത്രീസ്സുകാരും ചെയ്ത നിശ്ചയം അന്യായമാണെന്നും അതിനാൽ അനുഷ്ഠാനയോഗ്യമല്ലെന്നും ആണ അമേരിക്കൻ പ്രസിഡെണ്ടിന്റെ പക്ഷം- പ്രസിഡെണ്ട വിത്സൻ ഈ വിഷയത്തെപറ്റി ദീൎഘമായ ഒരു വിളംബരം പ്രസിദ്ധീകരിച്ചിരിക്കുന്നു. ഇതു ഹേതുവായി ഇറ്റലിയൻപ്രതിനിധികൾ സമാധാനയോഗത്തിൽനിന്നു വിട്ടു സ്വരാജ്യത്തിലേക്കു പോയിരിക്കുന്നു.

ജാപ്പാനും, ചൈനയും തമ്മിൽ കിയാച്ചൌ എന്ന പട്ടണത്തെപറ്റിയാണ പിശകുണ്ടായിരിക്കുന്നതു. എങ്കിലും കിയാവൊച്ചാവിനെപറ്റി ഇപ്പോൾ നിശ്ചയിച്ചിരിക്കുന്നതു, അതു തല്ക്കാലം ജാപ്പാന്റെ അധീനത്തിൽ വെക്കേണമെന്നും, കുറെകഴിഞ്ഞാൽ ചീനക്കു മടക്കികൊടുക്കേണമെന്നും ആകുന്നു

# NOTES.

12

Home (Mis) Dept

Margadarsi - Malayalam Weekly - E.T. Privileges

[C.No 4460] From the Editor, Margadarsi, Letter dated 15th May 1919

[Endt. No 4460-1 dated 21st May 1919]

[C.No 5244] From the District Magistrate of Malabar L.Dis 6227/19 d/ 25th July 1919.

U.S.

p4CF

The Dr. magte reports favourably about the status and antecedents of the editor of "Margadarsi", the aim of which is elevation of the Depressed Classes. It is subd there appears to be no objection to the grant of E.T. privileges to the paper. Perhaps the remarks of the Public Dept may be invited u.o. in the first instance

Home (Mis) u.o 5244-1 31.7.19

S.A.P. 30.7.19

Public u.o.

31.7

CURRENT NO. 3103 Public 1-8

Pub: Dept.

O.S.

Margadarsi seems a new periodical started only this year. In view of the D. M's favourable report it is subd. that Public may agree to

P.T.O

2

13

The grant of R.T. privileges to the paper.

Always rate till it falls from grace

JWR.
16.8.29

CA
16.8.29

DO.

Home (Pres) [illegible]

[illegible]
18.8.29

HOME DEPARTMENT
19 AUG 1929
GOVT OF MADRAS

Pub no 3103-1
18.8.29

U.S.

Home (Mis) Dept

A draft order is subd.

SRP
19.8.29

[illegible]
19.8.29

Issue.
[illegible]
21.8.29

Editors' Table Privileges

Sectt. II-10 (a)—5,002 13 1-19 (6)

14 Home (Mis) DEPARTMENT.

Authorising the Supdt, Govt Press to supply the Editor of "Margadarsi" with copies of papers placed on the Editors' Table.

READ AGAIN G.O. No. ........, dated ........ 191 .

" " " " ........ " ........ 191 .

READ ALSO:—

I

C. No. 4460, From the Editor, Margadarsi, No. ........, dated 15 May 1919.

II

" " Endt. No. 4460-1 Home (Mis) " " 21 May 1919.

III

" " 5244 " " Dt. Magte Malabar, L.Dis 6227/19 " 25 July 1919.

ORDER.

Mis.

No. 1229, dated 21 Aug 1919.

The Supdt, Govt Press is authorised to supply the Editor, Margadarsi, Calicut, with copies of all papers placed on the Editors' Table.

[signature] 21.8.19

Recd & despd 22.8.19

To

The Editor, Margadarsi, Calicut (G+O)

The Supdt, Govt Press

The Dt. Magte Malabar } G+O

The Officer in charge, Publicity Bureau

[initials] 15.8.19

[initials] 19.8.19

When given for copying
When copied
When examined
When signed
191

Read again G.O. No. , dated
191 .

Current No.

Enclosures to C. No.

Order of Government .. .. .. A A A A A A A

Letter of Government.

Statement with ditto.

Papers not filed up, being meant for despatch in original.

*N.B.*—
A = Copy in full.
B = Not to be copied.
P = Copy abstract only.
Q = Copy heading only.